കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


# തളിര്

2025 ജൂലൈ
വില ₹25



# ലഹരിക്കെതിരെ

## ലഹരിക്കെതിരെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





വിമുക്തി
ശിവപ്രസാദ് പാലോട്
(നാടകം)
വില ₹80





കുട്ടിയും ചേച്ചിയുടെ കൂട്ടുകാരും
എൽസ
(കഥ)
വില ₹90





നിഴൽവർണ്ണങ്ങൾ
അജി മാത്യു കോളൂത്ര
(നോവൽ)
വില ₹80




ലഹരിക്കെതിരെ പടയൊരുക്കം
ഡോ. ബി പത്മകുമാർ
(വൈജ്ഞാനികം)
വില ₹150




മാമലക്കാട്ടിലെ മിഠായി മരം
ഡോ.അഞ്ജു മരിയ സെബാസ്റ്റ്യൻ
(കഥ)
വില ₹90




നിഴൽ യുദ്ധം
സാഗ ജെയിംസ്
(വൈജ്ഞാനികം)
വില ₹90




അവൻ
സൈജ എസ്
(കഥ)
വില ₹60




ലഹരിയുടെ ശാസ്ത്രം
ഡോ.അരുൺ ബി നായർ
(പഠനം)
വില ₹90




പുനർജനി
പി ഐ മിനി
(നോവൽ)
വില ₹100




കുട്ടിക്കൂട്ടം ഉഷാറാണ്
ഡോ. രതീഷ് കാളിയാടൻ
(വൈജ്ഞാനികം)
വില ₹110

**10 പുതിയ പുസ്തകങ്ങൾക്ക് മുഖവില 940 രൂപ ഒരുമിച്ചു വാങ്ങുമ്പോൾ 500 രൂപയ്ക്ക് സ്വന്തമാക്കാം.**

~~₹940~~
₹500/- ONLY
SPECIAL OFFER

## പുസ്തകം സ്വന്തമാക്കാൻ

**website : www.ksicl.org**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,
ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.
MOB: 8547971483, ACCOUNT NUMBER : 67178297569.
NAME: DIRECTOR KSICL, IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

# തളിര്

July 2025
Vol:32, Issue: 07

## ഉള്ളടക്കം



## അസമത്വത്തിനും ദാരിദ്ര്യത്തിനും എതിരെ പോരാടിയ മണ്ടേല

06

**പി ഗിരീഷ്**

ജൂലൈ 18 നാണ് നെൽസൺ മണ്ടേല അന്താരാഷ്ട്ര ദിനം ഐക്യ രാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ലോകം ആഘോഷിക്കുന്നത് 'ദാരിദ്ര്യത്തിനും അസമത്വത്തിനും എതിരെയുള്ള പോരാട്ടം ഇന്നും നമ്മുടെ കയ്യിൽ തന്നെയാണ്' എന്നതാണ് ഇത്തവണത്തെ മണ്ടേല ദിനത്തിന്റെ മുഖ്യപ്രമേയം.



## മിശ്രഭോജന സമരകഥ

10

**ഈ ഡി ഡേവീസ്**

1917 മെയ് 29 നാണ് സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ ചരിത്രപ്രസിദ്ധമായ മിശ്ര ഭോജനം നടത്തുന്നത്. ഏതാനും ഈഴവരെയും പുലയരെയും ഒന്നിച്ചിരുത്തി ചെറായിയിൽ നടത്തിയ മിശ്രഭോജനം കേരള ചരിത്രത്തിൽ ജാതി വ്യവസ്ഥാക്കെതിരെ നടത്തിയ ചരിത്ര സംഭവമായി മാറി. കേരളം പിന്നിട്ട ചരിത്രത്തിന്റെ സംഭവ ബഹുലമായ ഒരേട് വായിക്കാം...



## ചില കടുവ വിശേഷങ്ങൾ

28

**സഞ്ജന**

അവരുടെ ഭാവി നമ്മുടെ കൈകളിലാണ്... (Their Future in Our Hands) 2025 ലെ കടുവദിനത്തിന്റെ മുഖ്യ പ്രമേയമാണ് ഈ മുദ്രാവാക്യം. സഹജീവികളുടെ ഭാവി സംരക്ഷിക്കുന്നതിൽ മനുഷ്യരുടെ നിർണായക പങ്കിനെ ഉദ്ഘോഷിക്കുന്നുണ്ട് ഇത്തവണത്തെ കടുവ ദിന സന്ദേശം.

05 **ശേഷിപ്പ്**
ശ്രീകല മനോജ്
13 **പുകയുന്ന കൗമാരം എരിയുന്ന യൗവനം**
സുനി എസ് വാര്യർ
14 **പത്തിരി പൂത്തമണം**
പി പി സതീഷ്കുമാർ
16 **സ്നേഹത്തിന്റെ വെള്ളിമെഴുകുതിരിക്കാലുകൾ**
ജേക്കബ് എബ്രഹാം
18 **കിളിമഞ്ചാരോവിലെ മഞ്ഞുനിരകൾ**
ഏണസ്റ്റ് ഹെമിങ്‌വെ
പുനരാഖ്യാനം: ഉണ്ണിക്കൃഷ്ണൻ പൂങ്കുന്നം
21 **കൊച്ചുപൂവ്**
മടവൂർ സുരേന്ദ്രൻ
22 **ജയന്ത് നാർലിക്കർ ആരാണ്?**
കൃഷ്ണ ഗോവിന്ദ്
24 **ഒത്തുതുഴഞ്ഞാൽ**
സരസൻ എടവനക്കാട്
25 **കുഞ്ഞിപ്പാട്ട്**
ജി കണ്ണനുണ്ണി
26 **ജന്മദിനാശംസകൾ**
പള്ളിയറ ശ്രീധരൻ
32 **ചക്കപ്പഴം**
ഉണ്ണി അമ്മയമ്പലം
34 **ഭാഷാപരിചയം**
സാബു കോട്ടുക്കൽ
35 **ബാർകോഡ്**
ജോൺ എം
36 **ചിത്തിരമോളുടെ ചിത്രശലഭം**
ചന്തിരൂർ താഹ
38 **പിറന്നാൾസമ്മാനം**
വത്സൻ അഞ്ചാംപീടിക
42 **ഇളം തളിര്**

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സഫിയ ഒ സി**

**സാജി എസ് വി**

ഡിസൈൻ , ലേഔട്ട്
**സുജയ് സുധാകരൻ**

കവർ
**സുജിത്ത് വാസുദേവൻ**

പ്രൊഡക്ഷൻ ഓഫീസർ
**വിനോദ് ആർ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
**e-mail : thaliru@ksicl.org,
director@ksicl.org**

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

# ലഹരിയെ തുരത്തി നമുക്ക് നല്ല മനുഷ്യരാവാം.

ലഹരിക്കെതിരെയുള്ള നമ്മുടെ പോരാട്ടം ശക്തമായി തുടരുകയാണ്. പുതിയ അധ്യയന വർഷം ആരംഭിച്ചതോടെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു നിരവധി ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കുട്ടികൾക്കിടയിലാണ് മയക്കുമരുന്നു ദുരുപയോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ ഏറ്റവും സജീവമായി സംഘടിപ്പിക്കേണ്ടത്. അവരാണ് നാളത്തെ തലമുറ. ഈ ലക്ഷ്യം മുൻനിർത്തി ലഹരിക്കെതിരെ 10 പുസ്തകങ്ങളാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്. ഏത് തിന്മക്കെതിരെയുമുള്ള യുദ്ധത്തിൽ അക്ഷരങ്ങളെ പോലെ മൂർച്ചയുള്ള ആയുധം വേറെ എന്തുണ്ട്?

ഈ അടുത്ത കാലത്ത് കൂട്ടുകാർ ഏറ്റവും കൂടുതൽ കേൾക്കുന്ന വാർത്തകളിൽ ഒന്നാണല്ലോ കടുവകൾ നാട്ടിലിറങ്ങുന്നത്. ജൂലൈ 29 അന്താരാഷ്ട്ര കടുവ ദിനമാണ്. കടുവകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ ദിനം ഊന്നൽ നൽകുന്നത്. കടുവകളെ കുറിച്ചുള്ള സഞ്ജന എഴുതിയ കുറിപ്പ് ഈ ലക്കം വായിക്കാം.

ജാതീയത കൊടികുത്തി വാണിരുന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. എല്ലാ മനുഷ്യരും ഒന്നിച്ചിരുന്നു ഇന്നത്തെ പോലെ ഭക്ഷണം കഴിക്കുന്നത് ആ കാലത്ത് സങ്കൽപ്പിക്കാൻ കഴിയുമായിരുന്നില്ല. നവോത്ഥാന നായകൻ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ 1917ൽ നടത്തിയ മിശ്രഭോജനം കേരള ചരിത്രത്തിലെ വിപ്ലവകരമായ ഏടായിരുന്നു. ആ കഥയാണ് ഇ ഡി ഡേവിഡ് കൂട്ടുകാർക്കായി പറയുന്നത്. ഇതേ കാലഘട്ടത്തിൽ ആഫ്രിക്കൻ വൻകരയിൽ നിറത്തിന്റെ പേരിലുള്ള വിവേചനവും കൊടിയ പീഡനങ്ങളും നടമാടുകയായിരുന്നു. അതിനെതിരെ ഇതിഹാസ തുല്യമായ പോരാട്ടം നടത്തിയ നെൽസൺ മണ്ടേലയുടെ ജന്മദിനമാണ് ജൂലൈ 18. മണ്ടേലയുടെ ജീവചരിത്രക്കുറിപ്പും ഈ ലക്കത്തിൽ കൂട്ടുകാർക്ക് വായിക്കാം.

കൂടാതെ രസകരവും അറിവുപകരുന്നതുമായ നിരവധി വായനാവിഭവങ്ങളുമായാണ് ജൂലൈ ലക്കം കൂട്ടുകാരെ തേടിവരുന്നത്. എല്ലാ തിന്മകൾക്കെതിരെയും അറിവുകൊണ്ട് പ്രതിരോധം തീർക്കുക.

ആരോഗ്യകരമായ മത്സരത്തിലൂടെ വിജ്ഞാനത്തിന്റെ ലോകത്തിലേക്കു ആനയിക്കുന്ന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുപ്രധാന പദ്ധതിയാണ് തളിര് സ്കോളർഷിപ്പ് പരീക്ഷ. 2026ലെ തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് കൂട്ടുകാർ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ ഇപ്പൊഴേ തുടങ്ങിക്കോളൂ കേട്ടോ...

സ്നേഹത്തോടെ,

പള്ളിയറ ശ്രീധരൻ
ഡയറക്ടർ

# ശേഷിപ്പ്

ശ്രീകല മനോജ്

ഇന്നലെ പെയ്ത മഴത്തുള്ളി മണ്ണിൽ
ചെന്നുമ്മ വെച്ചപ്പോളുയിരിടുന്നോമനേ
ചോരിവാ പോലീ തളിരിലച്ചുണ്ടു
പിളർന്നിത്തിരി കാശിത്തുമ്പക്കുരുന്നുകൾ
മുറ്റം മിനുക്കിയൊരുക്കുവാനന്നു നാം
വെട്ടികളഞ്ഞതാണഞ്ചാറു തൈകളെ
ഓർക്കുന്നുവോ പണ്ടു ചെഞ്ചോരപ്പൂക്കളാൽ
വേലിയ്ക്കലെന്നൊക്കെ പൂക്കാലം തീർത്തവർ
കൂട്ടത്തിലുണ്ടായിരുന്നല്ലോ വള്ളിയായ്
ചുറ്റിപ്പിണഞ്ഞൊരു ശംഖുപുഷ്പക്കാട്
തെച്ചിയും ചെമ്പരത്തിയും ബന്ദിയും
ഒത്തിരി പേരറിയാപ്പൂക്കളിൻ ചന്തവും.
എത്ര നാം വെട്ടിക്കളയിലുമോമനേ
മണ്ണിലേക്കാഴ്ത്തിച്ചവിട്ടിയരയ്ക്കിലും
ഇത്തിരി വിത്തിൽ ഒരു വസന്തത്തെ
പിന്നെയും കാത്തുവച്ചിട്ടുണ്ടാവുമല്ലേ കാലം.

വര: സുജിത്ത് വാസുദേവൻ

# അസമത്വത്തിനും ദാരിദ്ര്യത്തിനും എതിരെ പോരാടിയ മണ്ടേല

ഗിരീഷ് പി

**ഈ വർഷത്തെ നെൽസൺ മണ്ടേല അന്താരാഷ്ട്ര ദിനം ജൂലൈ 18 ന് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ലോകം ആഘോഷിക്കുകയാണ്. 'ദാരിദ്ര്യത്തിനും അസമത്വത്തിനും എതിരെയുള്ള പോരാട്ടം ഇന്നും നമ്മുടെ കയ്യിൽ തന്നെയാണ്' എന്നതാണ് ഇത്തവണത്തെ മണ്ടേല ദിനത്തിന്റെ മുഖ്യപ്രമേയം.**



'ഹിംസയും സംഘർഷവും നിറഞ്ഞ ലോകത്ത്, ഗാന്ധിയുടെ സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം മനുഷ്യരാശിയുടെ നിലനിൽപ്പിന്റെ താക്കോലാണ്.' രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയെ കുറിച്ചുള്ള ഈ വാക്കുകൾ ആഫ്രിക്കൻ ഗാന്ധി എന്നു വിശേഷിപ്പിക്കപ്പെടുന്ന നെൽസൺ മണ്ടേലയുടേതാണ്. മണ്ടേല ജനിക്കുന്നതിന് നാല് വർഷങ്ങൾക്ക് മുന്നേ 1914ൽ ദക്ഷിണാഫ്രിക്കയോട് ഗാന്ധിജി വിടപറഞ്ഞിരുന്നു. എന്നാൽ സത്യത്താലും അഹിംസയാലും നയിക്കപ്പെടുന്ന പോരാട്ടത്തിന്റെ വിത്തുകൾ പാകിയിട്ടാണ് ഗാന്ധി ആഫ്രിക്ക വിട്ടത്. അതുകൊണ്ടു തന്നെയാണ് 1994ൽ നടത്തിയ നോബൽ സമ്മാന പ്രസംഗത്തിൽ മണ്ടേല ഇങ്ങനെ പറഞ്ഞത്, 'ഇന്ത്യ ഗാന്ധിയുടെ ജന്മദേശമാണ്; ദക്ഷിണാഫ്രിക്ക അദ്ദേഹത്തിന്റെ കർമ്മഭൂമയും.'

മഡിബാ എന്നു സ്നേഹത്തോടെ വിളിക്കുന്ന നെൽസൺ മണ്ടേലയെക്കുറിച്ചുള്ള ഏതൊരു കുറിപ്പുകളും ഗാന്ധിജിയെ പരാമർശിക്കാതെ കടന്നുപോവുക അപൂർവമാണ്. കാരണം രണ്ടു പേരും പോരാടിയത് ഒരേ സമരായുധം കൊണ്ട് ഒരേ ശത്രുക്കൾക്കെതിരെയായിരുന്നു. ഈ വർഷത്തെ നെൽസൺ മണ്ടേല അന്താരാഷ്ട്രദിനം ജൂലൈ 18 ന് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ലോകം ആഘോഷിക്കുകയാണ്. 'ദാരിദ്ര്യത്തിനും അസമത്വത്തിനും എതിരെയുള്ള പോരാട്ടം ഇന്നും നമ്മുടെ കയ്യിൽ തന്നെയാണ്' എന്നതാണ് ഇത്തവണത്തെ മണ്ടേല ദിനത്തിന്റെ മുഖ്യപ്രമേയം. മണ്ടേലയുടെ 67 വർഷത്തെ പോരാട്ടത്തെ ഓർമ്മിച്ചുകൊണ്ട് 67 മിനുട്ട്നടത്തുന്ന സാമൂഹ്യ പ്രവർത്തനമാണ് മണ്ടേല ദിനത്തിന്റെ പ്രത്യേകത.

വർണവിവേചന വിരുദ്ധ പോരാളി നെൽസൺ റോളിഹ്‌ലാ ഹ്‌ലാ മണ്ടേല ദക്ഷിണാഫ്രിക്കയിലെ കിഴക്കൻ കേപ് പ്രവിശ്യയിലെ ട്രാൻസ്കെയിൻ പ്രദേശം ഭരിച്ചിരുന്ന മഡിബ ഗോത്രത്തിൽ 1918 ജൂലൈ 18 നാണ് ജനിച്ചത്. റോളിഹ്‌ലാ ഹ്‌ലാ എന്ന വാക്കിന്റെ അർത്ഥം 'പ്രശ്നക്കാരൻ' എന്നാണ്. (പിൽക്കാലത്ത് മണ്ടേല വർണവെറിയൻ ഭരണകൂടത്തിന് വലിയ പ്രശ്നക്കാരനായി എന്നത് ചരിത്രം.) എൻകോസി മ്ഫാകനൈ ഗാഡ്‌ല മണ്ടേലയാണ് പിതാവ്. മാതാവ് നോൺ ക്വാഫി നോസികേനിയും. മണ്ടേലയും രണ്ട് സഹോദരിമാരും മ്വേസോ ഗ്രാമത്തിലാണ് വളർന്നത്. ഏഴു വയസ്സുള്ളപ്പോൾ മണ്ടേല പള്ളിയിൽ മതപഠനത്തിനായി ചേർന്നു. അക്കാലത്ത് സ്കൂളിലെ ഒരദ്ധ്യാപകനായിരുന്നു



നെൽസൺ എന്നുകൂടി മണ്ടേലയുടെ പേരിനൊപ്പം കൂട്ടിച്ചേർത്തത്. സ്കൂളിൽ പേര് ചേർക്കുമ്പോൾ ക്രിസ്റ്റ്യൻ നാമം കൂട്ടിച്ചേർക്കുക എന്ന സമ്പ്രദായത്തിന്റെ ഭാഗമായിട്ടായിരുന്നു ഇത്.

കറുത്ത വർഗ്ഗക്കാർക്കു വേണ്ടി പാശ്ചാത്യരീതിയിൽ പ്രവർത്തിച്ചിരുന്ന സ്കൂളായിരുന്ന ക്ലാർക്ക്ബറി ബോർഡിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ജൂനിയർ സർട്ടിഫിക്കറ്റ് പരീക്ഷ പാസായ മണ്ടേല ഹെൽഡ്ടൗൺ സ്കൂളിൽ നിന്നു മെട്രിക്കുലേഷനും വിജയിച്ചു. തുടർന്ന് ഫോർട്ട് ഹെയർ സർവ്വകലാശാലയിൽ ഉപരിപഠനത്തിനായി ചേർന്നു. ഇംഗ്ലീഷ് ഭാഷ, നരവംശശാസ്ത്രം, രാഷ്ട്രീയം എന്നീ വിഷയങ്ങളാണ് മണ്ടേല ബിരുദപഠനത്തിനായി തിരഞ്ഞെടുത്തത്.

ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ സ്റ്റുഡന്റ്സ് റപ്രസന്റ്ററീവ് കൗൺസിൽ അംഗമായ മണ്ടേല വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്തതിനെ തുടർന്ന് സർവകലാശാലയിൽ നിന്നും പുറത്താക്കപ്പെട്ടു.

ജോഹന്നാസ്ബർഗിലെ ഖനിയിൽ ജോലിചെയ്യുന്ന കാലത്താണ് സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വവും വർണവിവേചനവും ദാരിദ്ര്യത്തിന്റെ രൂക്ഷതയും മണ്ടേല തിരിച്ചറിയുന്നത്. അക്കാലത്താണ് വർണവിവേചന വിരുദ്ധ പോരാളി വാൾട്ടർ സിസിലുവിനെ മണ്ടേല പരിചയപ്പെടുന്നത്. സിസുലുവിന്റെ ശുപാർശയിൽ മണ്ടേലക്ക് ഒരു അഭിഭാഷകന്റെ



Photo: gettyimages

ഓഫീസിൽ ഗുമസ്തനായി ജോലി ലഭിച്ചു. ജോലിക്കിടയിൽ മണ്ടേല യൂണിവേഴ്സിറ്റി ഒഫ് സൗത്ത് ആഫ്രിക്കയിൽ നിന്നും ബി. എ ബിരുദമെടുക്കുകയും യൂണിവേഴ്സിറ്റി ഓഫ് വിറ്റ്വാട്ടർ സ്രാൻഡിൽ നിയമപഠനം തുടങ്ങുകയും ചെയ്തു. വിറ്റ്വാട്ടർ സ്രാൻഡ് സർവ്വകലാശാലയിൽ നിയമപഠനം നടത്തിയിരുന്നവരിൽ ഏക കറുത്ത വർഗ്ഗക്കാരനായിരുന്നു മണ്ടേല. എന്നാൽ അദ്ദേഹത്തിന് അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

1944ലെ ഈസ്റ്റർ ദിനത്തിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് യൂത്ത് ലീഗ് സ്ഥാപിതമായി. നെൽസൺ മണ്ടേല യൂത്ത് ലീഗിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായി. 1947ൽ മണ്ടേല യൂത്ത് ലീഗിന്റെ പ്രസിഡന്റായി. 1950ൽ മണ്ടേല എ എൻ സിയുടെ ദേശീയ എക്സിക്യുട്ടീവിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1951ൽ നടന്ന ദേശീയ സമ്മേളനത്തിൽ മണ്ടേല, ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ പ്രസിഡന്റായി.

1944ൽ വാൾട്ടർ സിസിലുവിന്റെ സഹോദരി ഇവേലിൻ മെയ്സിനെ വിവാഹം ചെയ്തു. 1958ൽ ഇരുവരും വിവാഹ മോചിതരായി.

1952ൽ നിയമ ലംഘന പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തതിന്റെ പേരിൽ മണ്ടേല 9 മാസം കഠിനതടവിന് ശിക്ഷിക്കപ്പെട്ടു. 1956 ഡിസംബറിൽ മണ്ടേല അടക്കം നിരവധി പേർ അറസ്റ്റ് ചെയ്യപ്പെടുകയും 1961 മാർച്ച് വരെ നീണ്ട വിചാരണയ്ക്കൊടുവിൽ കുറ്റവിമുക്തരാക്കപ്പെടുകയും ചെയ്തു. ഈ വിചാരണയ്ക്കിടയിലാണ് വിന്നിയെ മണ്ടേല വിവാഹം ചെയ്യുന്നത്.

ഇതിനിടെ ദക്ഷിണാഫ്രിക്കൻ രാഷ്ട്രീയം പ്രക്ഷുബ്ധമായിക്കൊണ്ടിരുന്നു. 1960 മാർച്ച് 21ന് 69 നിരായുധരായ ആളുകളെ പോലീസ് വെടിവെച്ചുകൊന്നു. ഭരണകൂടം നരവേട്ട തുടർന്നപ്പോൾ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് സായുധ പോരാട്ടത്തിലേക്ക് തിരിഞ്ഞു. എ എൻ സി രാജ്യത്ത് നിരോധിക്കപ്പെട്ടു. 1962 ജനുവരി 11ന് ഡേവിഡ് മോട്സമായി എന്ന പേരിൽ മണ്ടേല രാജ്യം വിട്ടു. ഇംഗ്ലണ്ട് അടക്കമുള്ള രാജ്യങ്ങൾ സന്ദർശിച്ച മണ്ടേല സായുധ പോരാട്ടത്തിന് പിന്തുണ തേടി. 1962 ൽ ദക്ഷിണാഫ്രിക്കയിൽ തിരിച്ചെത്തിയ മണ്ടേല ആഗസ്റ്റ് 5ന് അറസ്റ്റ് ചെയ്യപ്പെട്ടു. പെർമിറ്റ് ഇല്ലാതെ രാജ്യം വിട്ടതിനും ജനങ്ങളെ സമരത്തിന് പ്രേരിപ്പിച്ചതിനും മണ്ടേലയെ കുറ്റക്കാരനായി വിധിച്ച് അഞ്ചുവർഷത്തേക്ക് ശിക്ഷിച്ചു. ആദ്യം പ്രിട്ടോറിയ ജയിലിലും പിന്നീട് റോബൻ ദ്വീപിലും മണ്ടേല ശിക്ഷ അനുഭവിച്ചു. 1964 ജൂൺ 11ന് മണ്ടേലയും വാൾട്ടർ സിസിലുവും ഉൾപ്പടെ എട്ട് പേരെ ജീവപര്യന്തത്തിന് ശിക്ഷിച്ചു.

പതിനെട്ടു വർഷക്കാലം മണ്ടേല റോബൻ ദ്വീപിലെ ജയിലിലായിരുന്നു ശിക്ഷ അനുഭവിച്ചത്. മറ്റു തടവുകാരോടൊപ്പം മണ്ടേലയെ ഒരു ക്വാറിയിൽ ജോലിയെടുപ്പിച്ചു. തടവുകാരെ അവരുടെ വർണമനുസരിച്ച് വേർതിരിച്ചിരുന്നു, കറുത്ത വർഗ്ഗക്കാരായിരുന്നു താഴെത്തട്ടിൽ. കൂടാതെ രാഷ്ട്രീയത്തടവുകാർ മറ്റുള്ള തടവുകാരെ അപേക്ഷിച്ച് താഴ്ന്ന നിലയിലായിരുന്നു കണക്കാക്കിയിരുന്നത്. 8 അടി നീളവും, 7 അടി വീതിയുമുള്ള ഒരു മുറിയിലായിരുന്നു അദ്ദേഹത്തെ തടവിലിട്ടിരുന്നത്. കിടക്കാനായി ഒരു പുല്ലുപായ മാത്രമാണ് നൽകിയിരുന്നത്. ആറു മാസത്തിൽ ഒരു സന്ദർശകനേയും ഒരു കത്തുമായിരുന്നു മണ്ടേലക്ക് അനുവദിച്ചിരുന്നത്, കത്തുകൾ പലപ്പോളും വൈകിയും, സെൻസർഷിപ്പ് കാരണം വായിക്കാൻ പറ്റാത്ത അവസ്ഥയിലുമായിരുന്നു അദ്ദേഹത്തിനു ലഭിച്ചിരുന്നത്. ഇക്കാലത്ത് യൂണിവേഴ്സിറ്റി ഓഫ് ലണ്ടന്റെ വിദൂരപഠനപരിപാടിയിലൂടെ ബാച്ചിലർ ഓഫ് ലോ ബിരുദം അദ്ദേഹം കരസ്ഥമാക്കി.

1975 ൽ മണ്ടേലയെ എ ക്ലാസ്സ് തടവുകാരുടെ ഗണത്തിൽ പെടുത്തി. അതോടെ, സന്ദർശകരുടെ എണ്ണത്തിന് പരിധിയില്ലാതായി. പുറംലോകത്തിൽ വർണവിവേചനത്തിനെതിരെ പോരാടുന്ന നേതാക്കളായ ഡെസ്മണ്ട് ടുട്ടുവിനെപോലുള്ളവരുമായി നിരന്തര ബന്ധം പുലർത്തി. ഇക്കാലത്താണ് മണ്ടേല തന്റെ ആത്മകഥയായ 'ലോംഗ് വാക്ക് ടു ഫ്രീഡ'ത്തിന്റെ രചന ആരംഭിക്കുന്നത്.

1985 ഫെബ്രുവരിയിൽ പ്രസിഡന്റ് പി ഡബ്ല്യു ബോത്ത ഉപാധികൾക്കു വിധേയമായി മണ്ടേലക്ക് ജയിൽ മോചനം വാഗ്ദാനം ചെയ്തു, എന്നാൽ എ എൻ സിയുടെ നിരോധനം നിലവിലുള്ള കാലത്തോളം തനിക്ക് സ്വാതന്ത്ര്യം വേണ്ടെന്നു പ്രസ്താവിച്ച മണ്ടേല ഈ വാഗ്ദാനം നിരസിക്കുകയാണുണ്ടായത്. 1990 ഫെബ്രുവരി 20ന് പ്രസിഡന്റ് ഫ്രഡറിക് ഡി ക്ലാർക്, എ എൻ സിയുടെയും മറ്റു വർണവിരുദ്ധ പ്രസ്ഥാനങ്ങളുടേയും മേലുണ്ടായിരുന്ന നിരോധനം എടുത്തുമാറ്റുകയും മണ്ടേലയെ ജയിൽമോചിതനാക്കുമെന്നും പ്രസ്താവിച്ചു. 27 വർഷത്തെ

ജയിൽവാസത്തിന് ശേഷം ഫെബ്രുവരി 11ന് മണ്ടേലയെ വിക്റ്റർ വേർസ്റ്റർ ജയിലിൽ നിന്നും മോചിതനായി.

ജയിൽ മോചിതനായ മണ്ടേല, ദക്ഷിണാഫ്രിക്കയിലെ വർണവിവേചനം അവസാനിപ്പിക്കുന്നതിനായി ലോക രാഷ്ട്രങ്ങളുടെ പിന്തുണ തേടി, ഒരു അന്താരാഷ്ട്ര പര്യടനം ആരംഭിച്ചു. ബ്രിട്ടനും യു എസും സന്ദർശിച്ച മണ്ടേല ഇന്ത്യയും സന്ദർശിച്ചു.

1991 ൽ നടന്ന എ എൻ സി സമ്മേളനത്തിൽ മണ്ടേലയെ വീണ്ടും ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ദക്ഷിണാഫ്രിക്കയിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി നടത്തിയ ആദ്യത്തെ ജനാധിപത്യ തിരഞ്ഞെടുപ്പ് 1994 ഏപ്രിൽ 27ന് നടന്നു.

1994 മേയ് 10ന് മണ്ടേല ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്തവർഗ്ഗക്കാരനായ പ്രസിഡന്റായി സ്ഥാനമേറ്റെടുത്തു.

76 ാം വയസ്സിൽ അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ നിന്നും പൂർണമായി വിരമിച്ചു. 1994 ൽ മണ്ടേലയുടെ ആത്മകഥയായ ലോങ് വാക്ക് ടു ഫ്രീഡം പ്രസിദ്ധീകരിച്ചു. 1993 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ഫ്രഡറിക് ഡിക്ലർക്കിനോടൊപ്പം പങ്കിട്ടു. ഭാരതത്തിലെ ഏറ്റവും ഉയർന്ന ദേശീയബഹുമതിയായ ഭാരതരത്ന പുരസ്കാരം നൽകി 1990 ൽ നമ്മൾ മണ്ടേലയെ ആദരിച്ചു. ഈ പുരസ്കാരം ലഭിക്കുന്ന ഇന്ത്യക്കാരനല്ലാത്ത രണ്ടാമത്തെ വ്യക്തിയാണ് മണ്ടേല.

മഹാത്മാ ഗാന്ധി ദക്ഷിണാഫ്രിക്കയിൽ സത്യഗ്രഹം ആരംഭിച്ചതിന്റെ നൂറാം വാർഷികത്തിനോടനുബന്ധിച്ച് 2007 ജനുവരി 29, 30 തീയതികളിൽ ദില്ലിയിൽ നടന്ന സമ്മേളനത്തിൽ മണ്ടേലയും സന്നിഹിതനായിരുന്നു. ദക്ഷിണാഫ്രിക്കയുടെ ചരിത്രം എഴുതപ്പെടുമ്പോൾ അതിൽ ഒഴിവാക്കാനാവാത്ത ഒരു വ്യക്തിത്വമാണ് ഗാന്ധിയുടേതെന്ന് മണ്ടേല അഭിപ്രായപ്പെട്ടിട്ടുണ്ട് ഗാന്ധി എന്ന വ്യക്തിയുടെ പിന്നിൽ ഒറ്റക്കെട്ടായി നിന്ന് കോൺഗ്രസ്സ് പൊരുതി നേടിയ സ്വാതന്ത്ര്യം ആണ് ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രചോദനം. നിയമലംഘനം എന്ന ആശയം കടം കൊണ്ടത് ഗാന്ധിയിൽ നിന്നുമാണ്, എന്ന് ഗാന്ധിയുടെ പ്രതിമ ദക്ഷിണാഫ്രിക്കയിൽ അനാച്ഛാദനം ചെയ്യവേ മണ്ടേല പറയുകയുണ്ടായി. 2013 ഡിസംബർ 5ന് തന്റെ 95ാം വയസ്സിൽ നെൽസൺ മണ്ടേല അന്തരിച്ചു. ജോഹന്നാസ്ബർഗിലെ സ്വന്തം വീട്ടിൽ വെച്ചായിരുന്നു അന്ത്യം.



Photo: gettyimages






Photo:Wikimedia Commons

# മിശ്രഭോജന സമരകഥ

**ഈ ഡി ഡേവീസ്**

സഹോദരൻ അയ്യപ്പൻ മദ്രാസ് പ്രസിഡൻസി കോളേജിൽ പഠിക്കുന്ന ഘട്ടം. പഠനം ഏതാണ്ട് അവസാനിക്കാറായി. ബി എ ജയിച്ചാൽ എന്തു ചെയ്യണമെന്ന് ആ യുവാവിന് ദൃഢനിശ്ചയം ഉണ്ടായിരുന്നു. 'അന്ധവിശ്വാസങ്ങൾക്കും അനാചാരത്തിനും എതിരെ ഉണർന്നു പൊരുതുക തന്നെ. 'ഉച്ചനീചത്വജാതി വ്യവസ്ഥയുടെ ക്രൂരതകൾ അമ്പേ അനുഭവിച്ചിരുന്ന കാലം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ.

അക്കാലത്ത് ഒരുദിവസം അയ്യപ്പന്റെ ലോഡ്ജിൽ ശ്രീ നാരായണ ഗുരു എത്തി അയ്യപ്പനെ കണ്ടു. അന്നേരം, ലോഡ്ജ് നിവാസികളും അദ്ദേഹത്തെ ആദരിക്കാനെത്തി. അദ്ദേഹം അവിടെ കൂടിയവരോട് ലഘു പ്രസംഗം നടത്തി. ശുചിത്വമായിരുന്നു അതിന്റെ ഉള്ളടക്കം. അദ്ദേഹം ആ പ്രസംഗത്തിൽ പറഞ്ഞു. മനസ്സ് ശുദ്ധിയാകണമെങ്കിൽ എല്ലാ മനുഷ്യരെയും സോദ

രരായി കാണാൻ കഴിയണം. അങ്ങനെ കാണാൻ തടസമായി നിൽക്കുന്ന ദുരാചാരമാണ് ജാതിവ്യവസ്ഥ. അത് അവസാനിപ്പിച്ചാലേ മനസ്സ് ശുദ്ധിയുള്ളതാകു.'

അയ്യപ്പന്റെ ചിന്തകൾ ജാതിനശീകരണത്തിലേക്ക് സഞ്ചരിച്ചു. ആലുവയൂണിയൻ സ്കൂളിൽ അധ്യാപകനായി ജോലി ലഭിച്ചു. അതോടെ സ്വന്തമായ ആവശ്യങ്ങൾക്ക് വരുമാനമായി. അതിലുപരി നാട്ടിൽ സാമൂഹിക ജീവിതത്തിൽ ഇടപെട്ടു പ്രവർത്തിക്കാനുള്ള കൂടുതൽ സാഹചര്യങ്ങൾ ഉണ്ടായി.

അയ്യപ്പൻ അധ്യാപകനായപ്പോൾ ശിഷ്യർക്കും ഉത്സാഹം. അതായത് അദ്ദേഹം ക്ലാസിൽ എത്തിയതോടെ വിദ്യാർത്ഥികൾക്ക് ഒരു പുതിയ ലോകം തുറന്നു കിട്ടി. തങ്ങൾ ഒരുപാട് കാര്യങ്ങൾ അറിയാനുണ്ടെന്ന ആകാംക്ഷയും ജ്ഞാനാഭിമുഖ്യവും വിദ്യാർത്ഥികളിൽ ഉണ്ടാക്കി. പെരുമാറ്റത്തിൽ വലിയ മാനവികത. വിദ്യാർത്ഥികളെ ശാസിക്കാതെയും ശിക്ഷിക്കാതെയും അച്ചടക്കമുള്ളവരായി വളർത്താനുള്ള പാടവവും വ്യക്തിപ്രഭാവവും. പരിണാമവാദവും ശാസ്ത്ര കണ്ടുപിടുത്തങ്ങളുടെ കഥകളും ക്ലാസിൽ നിന്നു കിട്ടി. സരസമായ അവതരണശൈലി. ആധുനിക വിജ്ഞാനം തേടിയുള്ള യാത്രയായി അയ്യപ്പൻ മാഷുടെ ക്ലാസ് മാറി. വിദ്യാർത്ഥികളുടെ മനസ്സിൽ അയ്യപ്പൻ മാഷ് ഇടം പിടിച്ചു.

ഗുരുവും അയ്യപ്പനും തമ്മിൽ വളർന്നു വന്നത് ഗാന്ധിയും നെഹ്റുവും പോലുള്ളൊരു ആഴക്കാഴ്ചയുള്ള സൗഹൃദമായിരുന്നു. വളരെ അസാധാരണമായ ഗുരുശിഷ്യ ബന്ധമാണത്. ഗുരുവിനെ ശിഷ്യനും സ്വാധീനിക്കാൻ തുടങ്ങിയെന്നുവേണമെങ്കിൽ ചിന്തിക്കാവുന്നാണ്. 1916 ആകുമ്പോൾ ഗുരു തനിക്കു തന്നെ മതമോ ജാതിയോ ഇല്ല എന്നു പ്രഖ്യാപിച്ചിരുന്നു. അത് ജാതിയില്ലാ വിളംബരം എന്ന രീതിയിൽ പ്രസിദ്ധമാണ്. 1917ൽ ഇനി 'ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്' എന്ന നിലപാടിലേക്കും ഗുരു എത്തി. കാരണം 'ക്ഷേത്രം ജാതി വ്യത്യാസത്തെ അധികമാക്കുന്നു. എന്നതാണ്. 'പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം.'

അയ്യപ്പൻ ചിന്തിച്ചു; ജാതിനശീകരണ പ്രക്രിയ അവർണ സമുദായങ്ങളെ ഈഴവരുമായി സമീകരിച്ചു കൊണ്ടാണ് നടത്തേണ്ടത്. ശ്രീ നാരായണീയർക്ക് ഇക്കാര്യത്തിൽ വലിയ ധർമ്മം ചെയ്യാനുണ്ട്. തങ്ങളേക്കാൾ താഴ്ന്നവരെ തങ്ങളോടൊപ്പം കൊണ്ടുവരിക അവർക്ക് തങ്ങളോടൊപ്പം പെരുമാറാനുള്ള എല്ലാ സ്വാതന്ത്ര്യവും അനുവദിക്കുക. അവരുടെ മനുഷാവകാശം ഉറപ്പാക്കാൻ ശ്രീ നാരായണീയർ മുന്നിട്ടിറങ്ങണം. അതാണ് സഹോദരൻ അയ്യപ്പന്റെയും സുഹൃത്തുക്കളുടെയും കാഴ്ചപ്പാട്.

അയ്യപ്പനും സുഹൃത്തുക്കളും ധീരമായി മുന്നോട്ടു വന്നു ജാതിവ്യവസ്ഥയെ തകർക്കണമെന്ന് ഇങ്ങനെ പറഞ്ഞു കൊണ്ടിരുന്നാൽ എന്തു ഫലം? പ്രവൃത്തിക്കണം. ആദ്യം അനുയായികളുടെ മനസ്സിലെ ജാതിഭേദം നീക്കുകയാണ് വേണ്ടത് എന്നുറച്ചു. തുല്യതയ്ക്കുവേണ്ടി വാദിക്കുന്നവർ തങ്ങളേക്കാൾ താണവരെ ആദ്യമേ തുല്യരായി അംഗീകരിക്കണം. അതിനായി അയ്യപ്പനും സുഹൃത്തുക്കളും യോഗം ചേർന്നു. പക്ഷേ, ഈഴവരോട് ഒപ്പമിരുന്ന് മിശ്രഭോജനം നടത്താൻ പുലയർക്ക് ഭയം. ചെറായിയിലെ വർദ്ധിനി സഭക്കാർ

## അനാചാരങ്ങളെല്ലാം ദൈവത്തെ പ്രീതിപ്പെടുത്താനാണെങ്കിൽ ആ ദൈവത്തോട് ഞാൻ യുദ്ധം പ്രഖ്യാപിക്കുന്നു

**-സഹോദരൻ അയ്യപ്പൻ**

മാനവികതയെക്കുറിച്ച് ഉന്നതമായ കാഴ്ചപ്പാട് അയ്യപ്പൻ മാഷിൽ ഉണ്ടെന്ന് എല്ലാവർക്കും ബോധ്യമായി. സമസൃഷ്ടി സ്നേഹത്തിൽ അധിഷ്ഠിതമായ മാനവികത പുലരുന്നതിന് ജാതിവ്യവസ്ഥയെ അടിമുടി തകർക്കണം. പക്ഷേ, ശ്രീ നാരായണ ഗുരുവിന്റെ അനുയായികളായ ഈഴവർക്കുപോലും സവർണരുമായി തുല്യത കൈവരിക്കാൻ കഴിയണം എന്ന ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയ്യപ്പൻ ഈയവസ്ഥയെ മാറ്റിത്തീർക്കാൻ നിശ്ചയിച്ചു.

അയ്യപ്പന്റെ ആശയത്തോട് ആദ്യമേ വിയോജിച്ചു. എങ്കിലും മിശ്രഭോജനം സംഘടിപ്പിക്കണം എന്നു നിശ്ചയിച്ചു. അതിനായി നോട്ടീസ് പ്രസിദ്ധീകരിച്ചു. കെ കെ അച്യുതൻ, പി എൻ അച്യുതൻ, കെ സി കേശവൻ, കെ കുമാരൻ, എ സി കാർത്തികേയൻ, എ ടി എ ആണ്ടി, കെ എ കൃഷ്ണൻ, എ രാമൻ പിള്ള, ടി കെ കിട്ടൻ, കുനി രാഘവൻ മാസ്റ്റർ, കൃഷ്ണസീരി വൈദ്യർ, കെ, അയ്യപ്പൻ എന്നീ 12 പേരുടെ അഭ്യർത്ഥന ആയിരുന്നു അത്.

കെ കെ അച്യുതൻ മാസ്റ്ററുടെ വീടിന് അടുത്തുള്ള രണ്ടു വിദ്യാർത്ഥികളെ മിശ്രഭോജനത്തിനു സന്നദ്ധമാക്കി. വള്ളോൻ, ചാത്തൻ, എന്നിവരെ മിശ്രഭോജനമെന്ന മഹാ സാമൂഹിക സ്ഫോടനത്തിന് 1917 മെയ് 29 തെരഞ്ഞെടുത്തു. അന്ന് ചെറായി പ്രദേശം ഉണർന്നത് ലോകത്താകമാനം നടക്കുന്ന സ്വാതന്ത്ര്യസമരങ്ങളുടെ തീയും പുകയും പടർത്തിക്കൊണ്ടായിരുന്നു. അയ്യപ്പന്റെ ഉറ്റസുഹൃത്തുക്കളായ കേളനും കണ്ടച്ചനും പുലച്ചാളകളിൽ പോയി അവരെ ക്ഷണിച്ചു. പള്ളിപുറത്ത് കോരശ്ശേരി വീട്ടിൽ അയ്യരു പുലയൻ മകൻ കണ്ണനുമായി എത്തി.

സമയം രണ്ടു മണി. ചെറായി വടയ്ക്കകം കാക്കനാട്ട് തുണ്ടു പറമ്പൻ ഇക്കണ്ടന്റെ തെക്കുവശത്തുള്ള കളരിയായിരുന്നു വേദി. തുണ്ടിടപറമ്പ് എന്നും പറയും. പ്രചാരണവും എതിർപ്പും മൂലം ആളുകൾ ചുറ്റിലും തടിച്ചു കൂടി. ചേന്ദമംഗലം ഈഴവോദയം സംഘത്തിലെ വി കെ കേളപ്പനാശാനും, അച്ചുക്കുട്ടി ആശാനും സംഘവും അവിടെയെത്തി. യോഗം തുടങ്ങി. കെ കുമാരൻ അധ്യക്ഷത വഹിച്ചു. സഹോദരൻ പ്രസംഗം എഴുതി വായിച്ചു. പ്രസംഗശേഷം ഒരു പ്രതിജ്ഞ ചൊല്ലിച്ചു.'ജാതിവ്യത്യാസം ശാസ്ത്രവിരുദ്ധവും ദോഷകരവും അനാവശ്യവുമായതുകൊണ്ട് അതിനെ ഇല്ലാതാക്കാൻ നിയമവിരുദ്ധമല്ലാത്ത വിധം കഴിയുന്നതൊക്കെ ചെയ്യാമെന്ന് ഞാൻ പൂർണ മനസ്സാലെ സമ്മതിച്ച് സത്യം ചെയ്തു കൊള്ളുന്നു.'

സത്യവാചക പത്രിക എല്ലാവർക്കും വിതരണം ചെയ്തു എന്നാണ് എം കെ സാനു 'സഹോദരൻ അയ്യപ്പൻ' എന്ന ജീവചരിത്രത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. എല്ലാവരും സത്യവാചകപത്രികയിൽ ഒപ്പു വെയ്ക്കണമെന്ന് അഭ്യർത്ഥിച്ചതനുസരിച്ച് മിക്കവരും ഒപ്പു വെച്ചു. തുടർന്നാണ് മിശ്രഭോജനം ആരംഭിച്ചത്.

തുണ്ടിടപറമ്പ് ആയിരുന്നു വേദി. പന്തിയുടെ മധ്യഭാഗത്തായി കണ്ണനെ ഇരുത്തി. ചുറ്റും മറ്റുള്ളവർ ഇരുന്നു. ചക്കക്കുരുവും കടലയും ചേർന്ന മെഴുക്കുപുരട്ടിയും ചോറുമാണ് വിളമ്പിയത്. കണ്ണൻ ചോറും കറിയും ചേർത്ത് കുഴച്ചപ്പോൾ ആ ഇലയിൽ നിന്ന് മറ്റുള്ളവർ ചെറിയ പങ്ക് എടുത്തു കഴിച്ചു. ഇങ്ങനെയായിരുന്നു മിശ്രഭോജനം നടത്തിയത്. അഞ്ചാറുപേർക്കുള്ള ഭക്ഷണമേ പാചകം ചെയ്തിരുന്നുള്ളൂ. അന്നത്തെ സ്ഥിതി അത്രയും ദുരിത പൂർണമാണ്.

മിശ്രഭോജനത്തെ തുടർന്ന് ചെറായിയിലെ ഈഴവപ്രമാണിമാർ യോഗം ചേർന്നു. അയ്യപ്പന് ഊരുവിലക്ക് പ്രഖ്യാപിച്ചു. മൊത്തം 22 വിട്ടുകാരെ ഭ്രഷ്ടരാക്കി. പുളിയുറുമ്പു കൂടുകൾ അയ്യപ്പന്റെ തലയിൽ ഇട്ടു. കശുവണ്ടി നെയ്യ് മേലൊഴിച്ചു. ചിലർ കൊല്ലുവാൻ തന്നെ ശ്രമിച്ചു. പുലയനയ്യപ്പൻ എന്നു വിളിച്ച് തെറിയഭിഷേകം നടത്തി. അയ്യപ്പന് പതിവുപോലെ പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതിയായി. കൊടുങ്ങല്ലൂരിൽ വെച്ച് കുത്തിക്കൊല്ലാൻ തുനിഞ്ഞു. ഓടി രക്ഷപ്പെടുകയായിരുന്നു. മിശ്രഭോജനം ഉണ്ടാക്കിയ കോലാഹലത്തെപ്പറ്റി അയ്യപ്പൻ 'സംഘചരിതം ഓട്ടൻ തുള്ളൽ' എന്ന തുള്ളൽ ക്കവിത രചിച്ചിട്ടുണ്ട്.

ശല്യവും ഭീഷണിയും തുടർന്നപ്പോൾ അയ്യപ്പൻ ഗുരുവിനെ പോയിക്കണ്ടു. ഗുരു അയ്യപ്പന്റെ മിശ്രഭോജന പരിപാടിക്ക് എതിരാണെന്നും യാഥാസ്ഥിതികർ പ്രചരിപ്പിച്ചിരുന്നു. ഗുരു പറഞ്ഞു: 'ഒന്നു കൊണ്ടും വിഷമിക്കണ്ട. ഇത് വലിയ പ്രസ്ഥാനമായി വളരും. ഒരു കാര്യം ശ്രദ്ധിക്കണം. ക്രിസ്തുവിനെപ്പോലെ ക്ഷമിക്കാൻ പഠിക്കണം എതിരുകാരുടെ അറിവുകേടിന് മാപ്പു നൽകുവാൻ ഒരിക്കലും മറക്കരുത്.'

അന്ന് അയ്യപ്പന്റെ ആഗ്രഹപ്രകാരം ഗുരു സ്വന്തം കൈപ്പടയിൽ ഒരു സന്ദേശം നൽകി. 'മനുഷ്യരുടെ മതം, വേഷം, ഭാഷ, മുതലായവ എങ്ങനെയായിരുന്നാലും അവരുടെ ജാതി ഒന്നായതു കൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല 'ഇവിടെ മിശ്രം എന്ന വാക്ക് ഗുരു പ്രയോഗിക്കാതിരുന്നത് മനുഷ്യജാതി ഒന്നേയുള്ളൂ എന്ന വിഭാവനം കൊണ്ടാണ്.

# പുകയുന്ന കൗമാരം എരിയുന്ന യൗവ്വനം

സുനി എസ് വാര്യർ

പറന്നുയരുന്ന പുകച്ചുരുളുകളിൽ
വെറുതെയെരിയുന്ന കൗമാരസ്വപ്നങ്ങൾ
മിന്നാമിനുങ്ങിന്റെ പൊൻവെട്ടം കണ്ടതിൻ
പിന്നാലെ പായുന്ന വിഡ്ഢികൾ

അരുതെന്നു ചൊല്ലുവാനുയർത്തും കരങ്ങളെ-
പുച്ഛിച്ചു തള്ളുന്ന മൂഢരല്ലോയിവർ
അന്തിവിളക്കിന്റെ ചെറുവെട്ടം കണ്ടോ-
ടിയണഞ്ഞെത്തി, കരിയും ശലഭങ്ങൾ

അമ്മിഞ്ഞപ്പാൽ നുണഞ്ഞു പിച്ചവച്ചിരുന്നോർ
ഇന്നിതാ, ചുണ്ടോടടുപ്പിക്കും മദ്യചഷകങ്ങൾ
സങ്കല്പലോകങ്ങൾ ചുറ്റിക്കറങ്ങി, തളരുമ്പോൾ
മുന്നിൽത്തെളിയാത്തതെന്തോ, അമ്മതൻ രൂപം

നിർവൃതി നിങ്ങൾക്കേകുന്ന ഗന്ധം
ഇല്ല സഹോദരാ, ആവില്ല താങ്ങുവാൻ
സഹജർക്ക് മുന്നിലൊന്നാളാകുവാ-
നെന്തിനിക്കാട്ടുന്നു കോപ്രായങ്ങൾ

ആയക്കയങ്ങളിൽ ചാടുവാനോങ്ങാതെ-
യറിവുള്ളോരെറിയും കയറിൽ പിടിച്ചാലും
ആഴത്തിന്നാഴത്തിലെത്തിയാൽപ്പിന്നെ
ആരുമുണ്ടാവില്ല, അന്ത്യമതിദാരുണം

എത്രയോ പടവുകൾ താണ്ടിയിങ്ങെത്തിയ
തെന്തിനു വേണ്ടി? ഹോമിക്കുവാനോ സ്വയം!
അടിതെറ്റില്ലെന്നുറച്ച മനസ്സുകൾ പക്ഷേ-
പതറിപ്പോകുവതെന്തേയീക്ഷേത്രത്തിൽ

നിർമലചൈതന്യമാർന്നോരു പാഠശാലയി-
ലിന്നിതാ വിഷപ്പുക പടർന്നിടുന്നു
ഒരു ദിനമതീ കലാലയം നശിപ്പിക്കും
അണയ്ക്കുക തീയതിവേഗം നിങ്ങൾ

താണ്ടു മീ വഴിയിലേറെയും ചതിക്കുഴികൾ
തിരിക വരിക സോദരേ, നന്മതന്നർഥം ഗ്രഹിച്ചു വേഗം
പുകമറയിലവ്യക്തമാം കിനാവുകൾ വ്യർഥമത്രേ
പുതിയ പാതയിൽ മാടിവിളിക്കുന്നു സത്യമാം സ്വപ്നങ്ങൾ.



# പത്തിരി പൂത്ത മണം

പി പി സതീഷ്കുമാർ




അന്ന് പതിവിലും നേരത്തെയാണ് ഉണ്ണിക്കുട്ടൻ ഉറക്കമുണർന്നത്. കണ്ണുതുറന്നപ്പോൾ കിടക്കയിൽ അമ്മയില്ല. അച്ഛനില്ല. ചെവിയോർത്തു. ഒലീനേച്ചി സ്കൂളിൽ പോകാൻ ഒരുങ്ങുന്നതിന്റെ ബഹളം കേൾക്കാം. അടുക്കളയൊച്ചകൾ കേൾക്കാം.

അമ്മേ... അമ്മേന്ന് ഒന്നു രണ്ടുവട്ടം ഉറക്കെ വിളിച്ചുവെങ്കിലും ആരും മൈൻഡ് ചെയ്യുന്നില്ല. ഇവരൊക്കെ എവിടെ പോയേക്കുവാണ്! കിടക്കയിൽ നിന്ന് ഊർന്നിറങ്ങി അടുക്കളയിലേക്ക് വെച്ചുപിടിച്ചു അവൻ. അമ്മ പത്തിരി ചുടുന്നു.

ഉണ്ണിക്കുട്ടനെ കണ്ടതേ വാരിയെടുത്ത് അമ്മയൊരു മുത്തം നൽകി. ‘‘ഉണ്ണിക്കുട്ടൻ എത്ര നേരായി വിളിക്കുന്നു... അമ്മ വന്നി

ല്ലാലോ...'' അവൻ ചിണുങ്ങി. അമ്മ കേട്ടില്ലാലോ കുട്ടാന്ന് പറഞ്ഞ് ദേ... അമ്മ പിന്നേം ഒരു മുത്തം! ഉണ്ണിക്കുട്ടൻ ചിരിച്ചു. അമ്മ ചിരിച്ച അടുക്കളയ്ക്കും ചിരി വന്നിട്ടുണ്ടാവണം. അരിമാവ് അമ്മയുടെ ഉള്ളം കയ്യിൽ കിടന്ന് ശടേന്ന് ഉരുളയാവുന്നു. എണ്ണപുരട്ടിയ ഇലക്കീറിൽ വെച്ച് അമർത്തുമ്പോഴതാ ഉരുള വട്ടത്തിലായി! തിളച്ചുമറിയുന്ന എണ്ണയിലേക്ക് അമ്മ പരത്തിയ പത്തിരി മാവിട്ടു. ശൂ.. ശൂ... ശൂ... ശ്ർർറെന്ന് ഒച്ചയുണ്ടാക്കി പത്തിരി എണ്ണയിൽ കിടന്ന് പൊള്ളിച്ചു. പൊള്ളിപ്പൊള്ളി പത്തിരിയൊരു പന്തുപോലായി. അമ്മ കോലുകൊണ്ട് കുത്തി തിരിച്ചും മറിച്ചുമിട്ട് പത്തിരിപ്പന്ത് ചുട്ടെടുത്തു. മൊരിഞ്ഞ് മൊരിഞ്ഞ് ചുവന്നപ്പോൾ പത്തിരി എണ്ണയിൽ നിന്ന് കാസറോളിലേക്ക് ഒറ്റച്ചാട്ടം. ചാടിയതല്ലല്ലോ!... അമ്മ കുത്തിയെടുത്ത് പാത്രത്തിലാക്കീതാ...

ഉണ്ണിക്കുട്ടൻ കാസറോളിനകരിലേക്ക് മുക്കുകൊണ്ടുപോയി. ഹായ് നല്ല മണം! പത്തിരിപൂത്ത മണമാവും ഉണ്ണിക്കുട്ടൻ മനസ്സിലോർത്തു.

''ദേ... ഉണ്ണിക്കുട്ടാ... അപ്പുറത്ത് പോയേ.... കയ്യോ കാലോ പൊള്ളുവേ...'' അമ്മ ഓർമിപ്പിച്ചു.

പത്തിരി മണത്തിൽ മത്തുപിടിച്ച ഉണ്ണിക്കുട്ടന് പോവാൻ തോന്നീല. അവൻ അവിടൊക്കെ ചുറ്റിപ്പറ്റി നിന്നു.



''ഡാ... ഞാൻ അച്ഛനോട് പറയുവേ... പൊള്ളീട്ടങ്ങോട്ട് ചെന്നാൽ മതി... അച്ഛനേയ് മൂക്കിൻതുമ്പത്താണ് ദേഷ്യം...'' അമ്മ തിരക്കിട്ട് പണി ചെയ്യവേ ഉണ്ണിക്കുട്ടനെ വീണ്ടും ഓർമിപ്പിച്ചു.

മുക്കിൻ തുമ്പത്താണോ അച്ഛന് ദേഷ്യം... എന്നാലതൊന്ന് കാണണമല്ലോ.. ഉണ്ണിക്കുട്ടൻ അച്ഛന് അരികിലേക്ക് വെച്ചുപിടിച്ചു. ഊണുമേശക്കരികിലിരുന്ന് തോരനുള്ള വാഴക്കൂമ്പ് അരിയുകയാണ് അച്ഛൻ.

അവൻ കസേരയിൽ വലിഞ്ഞുകയറി അച്ഛന്റെ മൂക്കിൻ തുമ്പിലേക്ക് നോക്കി... എവിടെ ദേഷ്യം? മൂക്കിന് മേലേ ചുവന്ന കാലുള്ള കണ്ണടയല്ലാതെ മറ്റൊന്നും കാണാനേയില്ലല്ലോ... മൂക്കിൻ തുളയിൽ ഒളിച്ചിരിപ്പുണ്ടോ? അവൻ കസേരയിൽ ഏന്തിവലിഞ്ഞുനിന്ന് മൂക്കിലെ തുളയിലേക്ക് നോക്കി... ഒന്നും കാണുന്നില്ലല്ലോ?

അവന്റെ നോട്ടവും നിൽപ്പുമൊക്കെ കണ്ട് അച്ഛന് ചിരിവന്നു. അവൻ ചോദിച്ചു. ''എവിടെ... അച്ഛന് മൂക്കിൻതുമ്പിൽ ദേഷ്യമാണെന്ന് അമ്മ പറഞ്ഞൂലോ? ഞാൻ നോക്കീട്ട്കാണുന്നില്ലാലോ? അമ്മ വെറ്തെ ഓരോന്ന്പറയാ...''

അതുകേട്ട് അച്ഛന് ചിരിവന്നു. ''അച്ഛന്റെ ദേഷ്യമൊക്കെ മുക്കീൻ തുമ്പിൽ നിന്ന് ഇറങ്ങി കാട്ടിലോട്ടു പോയേക്കുവാണ് ഉണ്ണിക്കുട്ടൻ വല്ലാതെ കുരുത്തക്കേട് കാട്ടുമ്പോ അത്വീണ്ടും കാട്ടിൽ നിന്നിറങ്ങി മൂക്കിൻ തുമ്പിലേക്ക്വരും.'' അവന്റെ കവിളിൽ നുള്ളിക്കൊണ്ട് അച്ഛൻ പറഞ്ഞു. അരിഞ്ഞുവെച്ച വാഴക്കൂമ്പെടുക്കാൻ വന്ന അമ്മ അതുകേട്ട് ചിരിച്ചു. അമ്മയുടെ ചിരി കണ്ട് അച്ഛൻ ചിരിച്ചു. രണ്ടാളുടേയും ചിരികണ്ട് ഉണ്ണിക്കുട്ടനും ചിരിച്ചു. മുക്കിൻതുമ്പിൽ നിന്ന് ഇറങ്ങി കാട്ടിലേക്കു പോകുകയായിരുന്ന ദേഷ്യത്തിനും ചിരിവന്നു. ചിരിച്ച് ചിരിച്ച് ദേഷ്യം അലിഞ്ഞുപോയി. പത്തിരി പൂത്ത മണം വീട്ടിലാകെ നിറഞ്ഞു. അപ്പോഴതാ ഉണ്ണിക്കുട്ടന്റെ അച്ഛന്റെ മൂക്കിൻതുമ്പിൽ പത്തിരി മണം!

# സ്നേഹത്തിന്റെ വെള്ളിമെഴുകുതിരിക്കാലുകൾ

**ജേക്കബ് ഏബ്രഹാം**

*മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെയുണ്ട്. അറിവുനൽകുന്ന പുസ്തകവും തണുപ്പുമാറ്റും അടുപ്പിമില്ലാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു. അവിടെയെല്ലാം പാവങ്ങൾ എന്ന പുസ്തകം വാതിലിൽ മുട്ടി വിളിക്കും.*
*–പാവങ്ങൾ (വിക്ടർ ഹ്യൂഗോ)*

ലെ മിസേറാബ്ലെ (പാവങ്ങൾ)വിക്ടർ ഹ്യൂഗോ എഴുതിയ ഫ്രഞ്ച് എപ്പിക് ചരിത്ര നോവൽ ആണ്, 1862ൽ പുറത്തിറങ്ങിയ ഈ നോവൽ പത്തൊൻപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച നോവലുകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ലെസ് മിസറബിൾസ് ഒരു സംഗീത നാടകം ഉൾപ്പെടെ, സിനിമ, ടെലിവിഷൻ, നാടകം എന്നിവയ്ക്കായി നിരവധി അഡാപ്റ്റേഷനുകൾ വഴി ജനപ്രിയമായി. നാലപ്പാട് നാരായണ മേനോൻ 1925ലാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. ലോക സാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ നോവലിന്റെ 125 –ാം വിവർത്തന വർഷമാണിത്. കഥാകൃത്തും നോവലിസ്റ്റുമായ ജേക്കബ് ഏബ്രഹാം എഴുതുന്നു.

ചില കഥകൾ നമുക്ക് അവിശ്വസനീയമായി തോന്നും. ഇങ്ങനെയൊക്കെ സംഭവിക്കുമോ? അങ്ങനെ അവിശ്വസനീയമായി തോന്നുന്ന ഒരു കഥയാണ് വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ പറയുന്നത്. ലോകസാഹിത്യത്തിലെ ഈ അനശ്വരസൃഷ്ടി പരിഭാഷയിലൂടെ മലയാളത്തിന് സ്വന്തമായിട്ട് ഒരു നൂറ്റാണ്ടാവുന്നു. പാവങ്ങളുടെ വിവർത്തനത്തിന്റെ നൂറ്റാണ്ട് എന്ന് പ്രത്യേകതയും 2025ന് അവകാശപ്പെടാം

മനുഷ്യസ്നേഹത്തിന്റെ മഹത്തായ കൃതിയായി ലോകം വാഴ്ത്തുന്ന 'ലേ മിസാറബ്ളേ' എന്ന നോവലിന് മലയാള സാഹിത്യത്തിന്റെ വളർച്ചയിലും വലിയ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഥകളാൽ സൃഷ്ടിക്കപ്പെടുന്നതാണ് ലോകം. ഓരോ തലമുറയും മറ്റൊരു തലമുറയിലേക്ക് കൈമാറുന്ന മൂല്യങ്ങളാണ് പലപ്പോഴും നല്ല നോവലുകൾ പങ്കുവെയ്ക്കുന്നത്. നോവലുകൾ സമൂഹത്തിന് വഴിവിളക്കായി മാറുന്നു

എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് എന്റെ നാടായ പത്തനംതിട്ടയിലെ കോഴഞ്ചേരി സെയിന്റ് തോമസ് ഹൈസ്ക്കൂൾ ലൈബ്രറിയിൽ നിന്നും 'ലേ മിസാറബ്ളേ' പരിഭാഷ വായിക്കുന്നത്.

കണ്ണീരിന്റെ നനവു വീണുപൊള്ളിയ ആ പുസ്തകപ്പുറങ്ങളിൽ നിന്നാവാം ഒരു എഴുത്തുകാരൻ എന്ന മോഹം എന്നിൽ പൊട്ടിവിരിഞ്ഞത്.

എല്ലാ പാവപ്പെട്ടവർക്കും വേണ്ടി എഴുതപ്പെട്ട നോവൽ. ഫ്രഞ്ചുസാഹിത്യത്തിലെ അതികായനായ വിക്ടർ ഹ്യൂഗോയുടെ ഈ നോവലിനെ അങ്ങനെയാണ് നിരൂപകർ വാഴ്ത്തുന്നത്. പത്തൊൻപതാം നൂറ്റാണ്ടിലാണ് ചരിത്രത്തിലെ ഈ ക്ലാസിക്ക് കൃതിയുടെ പിറവി. ബൈബിളിന്റെ സത്തയായ യേശുദേവന്റെ പ്രതിനിധിയായ ബിഷപ്പിന്റെ സ്നേഹം സമാനതകളില്ലാത്തതാണ്. അതെന്നെ ഇന്നും അത്ഭുതപ്പെടുത്താറുണ്ട്.

മലയാളസാഹിത്യത്തിലും നോവലിലും പാവങ്ങൾ ഉയർത്തിയ സ്വാധീനം വളരെ വലുതാണ്. 1925ൽ സാഹിത്യകാരനായ നാലപ്പാട്ട് നാരായണമേനോൻ ഈ നോവൽ പരിഭാഷപ്പെടുത്തുകയും മാതൃഭൂമി പ്രസിദ്ധീകരിക്കുകയും ചെയ്തതോടെ 'പാവങ്ങളു'ടെ സ്വാധീനം മലയാളസാഹിത്യത്തിലും പ്രകടമായി. തകഴി, കേശവദേവ് തുടങ്ങി മലയാളത്തിലെ മുൻനിര സാഹിത്യകാരന്മാർ പാവങ്ങളുടെ പരിഭാഷ വായിച്ചതിന്റെ പ്രചോദനത്തിൽ റിയലിസത്തിലേക്ക് തങ്ങളുടെ എഴുത്തിനെ വഴിതിരിച്ചുവിട്ടതായി പറയപ്പെടുന്നുണ്ട്. 1925 മുതൽ 2025 വരെ എത്ര തലമുറകൾ ഈ പുസ്തകം വായിച്ചു. എത്രയോ എഴുത്തുകാരെ ഈ കൃതി സ്വാധീനിച്ചു. ഇപ്പോഴും ഒളിമങ്ങാത്ത പ്രഭ പകരുകയാണ്.

'പാവങ്ങളു'ടെ കഥ ഇങ്ങനെയാണ്. ദരിദ്രനായ ഒരു മരംവെട്ടുകാരനാണ് ജീൻ വാൽജീൻ (ഴാങ്ങ് വാൽഴാങ്ങ് എന്നും ഉച്ചരിക്കപ്പെ

ടുന്നു). തന്റെ ദാരിദ്രത്തിലും വിധവയായ സഹോദരിയെയും അവരുടെ ഏഴു മക്കളെയും സംരക്ഷിക്കുന്നതും അയാളാണ്. ഒരുവിധത്തിൽ അയാൾ അരിഷ്ടിച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോവുകയായിരുന്നു.

അങ്ങനെയിരിക്കെ ഒരു പെരുമഴക്കാലം വന്നു. ജീൻ വാൽജീന് പണിയ്ക്ക് പോകാൻ കഴിയാതെയായി. വിശപ്പ് സഹിക്കാതെ കുട്ടികൾ കരയാൻ തുടങ്ങിയതോടെ അയാൾ ഒരു ബേക്കറിയിൽ നിന്നും റൊട്ടി മോഷ്ടിച്ചു. ചില്ലലമാരയിൽ നിന്നും റൊട്ടിയെടുക്കുമ്പോൾ കൈ മുറിഞ്ഞു. രക്തം വാർന്നൊലിക്കുന്ന കൈയ്യുമായി ജീൻ വാൽജീൻ ഓടി. ബേക്കറിക്കാരൻ പിന്നാലെ എത്തിയപ്പോൾ അയാൾ റൊട്ടി വലിച്ചെറിഞ്ഞു. എന്നിട്ടും പോലീസ് പിടികൂടി. അഞ്ചുവർഷം തടവ്. ജയിലിൽ നിന്ന് ചാടാൻ ശ്രമിച്ചു. ശിക്ഷ കൂടി. അങ്ങനെ പത്തൊൻപത് വർഷം കഴിഞ്ഞ് അയാൾ ജയിലീന്ന് ഇറങ്ങി. തടവുപുള്ളിയുടെ മഞ്ഞക്കാർഡുമായി വേണം പുറത്ത് നടക്കാൻ ജീൻ വാൽ ജീൻ ആകെ വിഷമിച്ചു. ആരും അയാൾക്ക് അഭയം കൊടുത്തില്ല. അയാൾ അലഞ്ഞുതിരിഞ്ഞ് നടക്കാൻ തുടങ്ങി.


ഒടുവിൽ ജീൻ വാൽജീൻ വിശപ്പും ദാഹവുമായി അലഞ്ഞ് ഒരു ബിഷപ്പ് ഹൗസിന്റെ പടിവാതിലിൽ എത്തി. ദയാലുവായ മെത്രാൻ അഭയവും ആഹാരവും നൽകി. ആ രാത്രി അയാൾ ബിഷപ്പിന്റെ അരമനയിൽ നിന്നും വെള്ളി സാധനങ്ങൾ മോഷ്ടിച്ചു. പുറത്തുചാടി.


പിറ്റേന്ന് ബിഷപ്പിന്റെ മുന്നിൽ മോഷണത്തിന്റെ വിവരമെത്തി. എങ്കിലും ബിഷപ്പ് അത് കാര്യമാക്കിയില്ല. പക്ഷേ താമസിയാതെ കള്ളൻ പിടിക്കപ്പെട്ടു. പോലീസുകാർ ജീൻ വാൽജീനെ പിടികൂടി. തന്റെ മുമ്പിൽ എത്തിയ ജീൻ വാൽ ജീനെ രക്ഷിക്കാനായി പിന്നീട് ബിഷപ്പിന്റെ ശ്രമം.

''വെള്ളിസാധനങ്ങൾക്കൊപ്പം നിനക്ക് ഞാൻ സമ്മാനിച്ച വെള്ളിമെഴുകുതിരിക്കാലുകൾ എന്താണ് കൊണ്ടുപോകാഞ്ഞത്..?''

ബിഷപ്പ് സ്നേഹത്തോടെ ഒരു സുഹൃത്തിനോടെന്ന പോലെ ചോദിച്ചപ്പോൾ പോലീസുകാർ അയാളെ വെറുതെ വിട്ടു. ഒടുവിൽ തന്നെ രക്ഷിച്ച ബിഷപ്പിന് മുന്നിൽ സ്നേഹത്താൽ തോൽപ്പിക്കപ്പെട്ട് നിൽക്കുകയാണ് അയാൾ. ബിഷപ്പ് കാരുണ്യത്തോടെ സ്വയം തിരുത്തിലിന് വിധേയനാവാൻ വീണ്ടും അയാളോട് അഭ്യർത്ഥിക്കുന്നു.

വേദനകളുടെ ലോകത്ത് പ്രതീക്ഷകളുടെ മെഴുകുതിരിനാളങ്ങൾ പോലെ പ്രകാശം പരത്തുകയാണ് ഈ നോവൽ. ജീൻ വാൻജീൻ എന്നും ഴാങ് വാൽഴാങ് എന്നും ഉച്ചരിക്കപ്പെടുന്ന ഈ നോവലിലെ കഥാനായകൻ ലോകത്തിലെ ഏറ്റവും പ്രശസ്ത സാഹിത്യകഥാപാത്രമാണ്. സ്കൂൾ ലൈബ്രറിയിൽ നിന്നും നാലപ്പാട്ട് നാരായണമേനോന്റെ 'പാവങ്ങൾ' എന്ന വിവർത്തനകൃതി വായിച്ചത് ഇന്നും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. ലോകസാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ നോവലിന്റെ 125-ാം വിവർത്തന വർഷത്തിൽ ഈ നോവൽ നമുക്ക് വീണ്ടും വായിക്കാം.









Photos: Wikimedia Commons




# കിളിമഞ്ചാരോവിലെ മഞ്ഞുനിരകൾ

**ഏണസ്റ്റ് ഹെമിങ്ങ്‌വെ**
**പുനരാഖ്യാനം: ഉണ്ണിക്കൃഷ്ണൻ പൂങ്കുന്നം**

**(ഏണസ്റ്റ് മില്ലർ ഹെമിങ്ങ്‌വെ(1899-1961) അതിപ്രശസ്തനായൊരു അമേരിക്കൻ സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിന്റെ പദപ്രയോഗത്തിലും പ്രതിപാദനത്തിലുമുള്ള മിതത്വം, പിന്നീട്, പല എഴുത്തുകാരേയും സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം ഏഴ് നോവലുകളും ആറ് കഥാസമാഹാരങ്ങളും നിരവധി ലേഖനങ്ങളും രചിച്ചു. അദ്ദേഹം രചിച്ച 'ദ ഓൾഡ് മേൻ ഏൻഡ് ദ സീ' (കിഴവനും കടലും) എന്ന നോവലിന് 1954ൽ നോബെൽ പുരസ്കാരം ലഭിച്ചു.)**

പത്തൊമ്പതിനായിരത്തി എഴുന്നൂറ്റിപ്പത്ത് അടി ഉയരമുള്ള മഞ്ഞ് മൂടിയ ഒരു പർവ്വതനിരയാണ് കിളിമഞ്ചാരൊ. ആഫ്രിക്കയിലെ ഏറ്റവും പൊക്കമേറിയ മലയാണത്. അതിന്റെ പടിഞ്ഞാറെ കൊടുമുടിയുടെ പേര് 'ദൈവത്തിന്റെ വീട് 'എന്നറിയപ്പെടുന്ന മസായിയെന്നാണ്. അതിനുസമീപം, ഒരു ചത്ത പുള്ളിപ്പുലിയുടെ എല്ലിൻകൂട് കിടപ്പുണ്ട്. അത്രയും പൊക്കത്തിൽ, എന്ത് തേടിയാണ് ആ മൃഗം എത്തിച്ചേർന്നതെന്ന് ആർക്കും വിവരിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അയാൾക്ക് അത്രമാത്രം ഊഹിക്കാനായി. സമതലവും കാടും ഉപേക്ഷിച്ച്, അതവിടെ എത്തിച്ചേർന്നത്, മോക്ഷമാർഗം തേടിയായിരുന്നു. ആ മൃഗം അത് നേടിയെടുക്കുകയും ചെയ്തു.

ഇനിയത്തെ അവസ്ഥയും വ്യത്യസ്ഥമായിരിക്കില്ല, അയാൾക്ക് യാതൊരുവിധ സംശയവുമില്ലായിരുന്നു. അതേ, ആ മൃഗം ഒടുവിൽ, തനിക്കർഹപ്പെട്ട സായൂജ്യം നേടിക്കഴിഞ്ഞു...

അയാൾ സ്വന്തം കാലിലെ അഴുകാൻ ആരംഭിച്ച പുണ്ണിലേയ്ക്കും പിന്നെ, വെളിയിലേയ്ക്കും നോക്കി, കട്ടിലിൽത്തന്നെ കിടക്കുകയായിരുന്നു. കഴുത്തിലെ രോമപാളികൾ കൊഴിഞ്ഞുപോയ മൂന്ന് കൂറ്റൻ കഴുകന്മാർ ഇരയെ കാത്ത് അവിടെ കുത്തിയിരിപ്പുണ്ടായിരുന്നു. നിരവധി കഴുകന്മാർ ആകാശത്ത് വട്ടമിട്ട് പറന്നുകൊണ്ടിരുന്നു. ഏതുനിമിഷവും അവ പറന്നിറങ്ങി, കൂട്ടുകാരോട് ചേർന്നേക്കാം.

''എനിക്ക് എന്തെങ്കിലും കുടിക്കാൻ തരൂ, ഹെല്ലൻ.'' അയാൾ അവളെ ആകാംക്ഷയോടെ നോക്കി, ഒച്ച താഴ്ത്തി പറഞ്ഞു.

''അരുത്, ഹാരീ...ഈ അവസ്ഥയിൽ ലഹരിയിനങ്ങൾ ഉപയോഗിക്കാനിടയായാൽ, കാലിലെ അഴുകാൻ തുടങ്ങിയ പുണ്ണ് ഇനിയും പഴുക്കും. പിന്നീട്, എന്താണ് സംഭവിക്കുകയെന്ന് ഞാൻ പറയേണ്ടതില്ലല്ലോ.''

ഇരുട്ടിറങ്ങിയാൽ, നിലത്ത് കുത്തിയിരിക്കുന്ന കഴുകന്മാർ പറന്നുയർന്ന്, തൊട്ടടുത്ത മരത്തലപ്പിൽ ചേക്കേറും. ഏറെതാമസിക്കാതെ, അത്രനേരവും മാനത്ത് ചുറ്റിത്തിരിഞ്ഞിരുന്ന കഴുകന്മാരും അതേ മരക്കൊമ്പുകളിൽത്തന്നെ വന്നിരിക്കും.

''സഹിക്കാനാവാത്ത ദുർഗ്ഗന്ധം നിന്നെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്, അല്ലേ?''

''തീരെയില്ല.''

''ആ കഴുകന്മാർ ഇവിടെ വന്നിരിക്കുന്നത്, എന്നെ കണ്ടതുകൊണ്ടോ, എന്റെ കാലിലെ ദുർഗ്ഗന്ധം അവയ്ക്ക് പ്രിയമേറിയതു കൊണ്ടോ? അവയെക്കുറിച്ച് എനിക്കൊരു കഥയെഴുതാൻ കഴിഞ്ഞിരുന്നെങ്കിൽ...''

''എങ്കിൽ എഴുതണം.''

''എനിക്ക് യാതൊന്നും ചെയ്യാനാകുന്നില്ലല്ലോ എന്നാണെന്റെ വിഷമം മുഴുവനും.''

''ഒരുപക്ഷേ, വിമാനം വന്നുകഴിഞ്ഞാൽ, സകല പ്രശ്നങ്ങൾക്കുമൊരു പരിഹാരം കാണാനാകും.''

''വിമാനം വന്നെങ്കിലല്ലേ?''

''ഞാനിനിയെന്താണ് ചെയ്യേണ്ടതെന്നൊന്ന് പറയൂ.''

''ഒന്നുകിലെന്റെ കാല് മുറിച്ചുകളയുക, അല്ലെങ്കിലെന്നെ വെടിവെയ്ക്കുക.''

''ദയവുചെയ്ത്, അപ്രകാരമൊന്നും സംസാരിക്കാതെ.''

''എന്നെ സമാധാനമായിയൊന്ന് മരിക്കാൻ അനുവദിച്ചുകൂടേ?''

''എനിക്കറിയാം, നിങ്ങൾ തീർച്ചയായും മരിക്കില്ല.''

''മറയത്തരം പറയാതിരിക്കൂ. ഞാൻ ഓരോ നിമിഷവും മരിച്ചുകൊണ്ടിരിക്കുകയാണ്.'' അപ്പുറത്ത്, മൊട്ടത്തലകൾ തൂവലുകൾക്കിടയിൽ പൂഴ്ത്തിവെച്ച് കുത്തിയിരിക്കുന്ന ആ മൂന്ന് കഴുകന്മാരേയും നോക്കി അയാൾ പറഞ്ഞു.

അപ്പോഴേയ്ക്കും നാലാമത്തെ കഴുകനും പറന്നിറങ്ങിക്കഴിഞ്ഞിരുന്നു.

''അവയെല്ലായിടത്തുമുണ്ട്... എന്നെ വിശ്വസിക്കൂ... നിങ്ങൾ മരിക്കാനൊന്നും പോവുന്നില്ല... ഒരുപക്ഷേ, വല്ല വണ്ടിയും ഉടനെ, വന്നാലോ...?''

''അപ്രകാരമൊക്കെ സംഭവിക്കുമെന്ന് എനിക്ക് തോന്നുന്നില്ല.''

''ഹാരീ...എങ്കിൽ, എനിക്ക് പരിപൂർണ വിശ്വാസമുണ്ട്... തീർച്ചയായും ഏതെങ്കിലുമൊരു വണ്ടി വരാതിരിക്കില്ല.''

കാലിലെ പുണ്ണ് തുടക്കത്തിൽ വല്ലാതെ വേദനിച്ചിരുന്നെങ്കിലും പിന്നെപ്പിന്നെ അയാൾക്ക് ആ യാതനയെക്കുറിച്ച് യാതൊരുവിധ ബോധവുമില്ലായിരുന്നു. അന്നേരം അയാൾ അനുഭവിച്ചത്,



വിവരിക്കാനാവാത്ത ഒരുതരം തളർച്ചയായിരുന്നു. അപ്പോഴയ്ക്കും അയാളുടെ പരിചാരകൻ കട്ടിലിന്റെ വക്കത്ത് ഇരുപ്പുറപ്പിച്ചുകഴിഞ്ഞിരുന്നു.

''അമ്മ വേട്ടയ്ക്ക് പോയിരിക്കുകയാണ്. അങ്ങയ്ക്ക് വല്ലതും വേണമോ?'' അവൻ ചോദിച്ചു.

അന്നത്തെ അത്താഴത്തിനായി, ഏതെങ്കിലും മൃഗത്തെ വെടിവെച്ചുവീഴ്ത്തിക്കൊണ്ടുവരാൻ അവൾ തോക്കുമേന്തി പോയിരിക്കുകയാണ്.

''എനിക്ക് വെടിവെച്ചുവീഴ്ത്താനായത്, ഒരു കൊച്ചുകൊറ്റനെയാണ്. ഇന്ന് നിങ്ങൾക്ക് അതിന്റെ ഇറച്ചി രുചിക്കാം.''

അവൾ അത്രയ്ക്ക് സുന്ദരിയൊന്നുമല്ലായിരുന്നു. രണ്ട് കുട്ടികളുടെ അമ്മയായിരുന്ന അവളൊരു മികച്ച വായനക്കാരിയായിരുന്നു. കുതിരസവാരിയും വേട്ടയുമായിരുന്നു, അവളുടെ ഇഷ്ടവിനോദങ്ങൾ.

നന്നേ ചെറുപ്പത്തിൽതന്നെ അവളുടെ ഭർത്താവ് മരിച്ചു. പന്നീട്, കുട്ടികൾ വളർന്നുവലുതായപ്പോൾ, അവരുടെ ആവശ്യങ്ങൾ നിറവേറ്റാനായി അവൾ മുൻകയ്യെടുക്കുന്നതിൽ അവർക്ക് എതിർപ്പുണ്ടായിരുന്നു.

മക്കൾ ഇരുവരും ഒരു വിമാനപകടത്തിൽ മരിച്ചുപോയി. അന്നേരം അവൾ നയിച്ചത് ഒറ്റപ്പെട്ട നാളുകളായിരുന്നു. തന്റെ മനസ്സിനിണങ്ങിയ ഒരു സുഹൃത്തിനെയായിരുന്നു അവൾക്കാവശ്യം. ആ അവസരത്തിലായിരുന്നു അവൾ അയാളുമായി പരിചയപ്പെട്ടത്. അതിനുശേഷം അവൾ അയാളുടെ സകല ഇഷ്ടാനിഷ്ടങ്ങളുടേയും കൂട്ടിനെത്തി. അതുകൊണ്ടുതന്നെ അവർക്കിടയിൽ യാതൊരുവിധ ഭിന്നിപ്പുമുണ്ടായിരുന്നില്ല.

കാട്ടിൽ അലഞ്ഞുതിരിയുമ്പോൾ, അയാളുടെ കാൽമുട്ടിനുതാഴെ, ഒരു മുള്ള് കുത്തിപോറലേറ്റു. ഉടനെ, മുറിവിന് ഉണക്കം തട്ടാനുള്ളൊരു മരുന്ന് പുരട്ടിയാൽ മതിയായിരുന്നു. അക്കാര്യത്തിൽ അവർക്കൊരു അമളി പിണഞ്ഞിരുന്നു. ആ അനാസ്ഥയ്ക്ക്, അയാൾക്ക് വലിയ വില കൊടുക്കേണ്ടിവന്നു. മുറിവ് പഴുത്ത്, തീരെ നിയന്ത്രിക്കാനാവാത്തവിധത്തിലൊരു പുണ്ണായി മാറി, കാലാകെ പടരാൻ ആരംഭിച്ചു. അവൾ പറഞ്ഞു:

''നാളെ നമുക്ക് പോകാനുള്ള വിമാനമെത്തും.''

''നിനക്കെങ്ങിനെ അറിയാം?''

''എനിക്ക് ഉറപ്പുണ്ട്. കാരണം, അതിവിടെ എത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അവരെത്തിയതും നിന്റെ പുണ്ണിൽ മരുന്ന് വെച്ചുകെട്ടും.'' അവരുടെ പരിചാരകൻ തീൻമേശമേൽ പിഞ്ഞാണങ്ങൾ ഒരുക്കിക്കഴിഞ്ഞിരുന്നു.

''നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കണമെങ്കിൽ, വയറുനിറയേ ഇറച്ചി കഴിച്ചേ മതിയാവൂ.''

''ഇന്ന് രാത്രി ഞാൻ മരിക്കാൻ പോവുകയാണ്. അതുകൊണ്ട്, എനിക്ക് ആരോഗ്യം വീണ്ടെടുക്കേണ്ടതില്ല.'' അയാളൊരു പിറുപിറുപ്പോളം താണ ഒച്ചയിൽ പറഞ്ഞു.

''അത്രയേറെ നിരാശനാകേണ്ടതില്ല, ഹാരീ...'' അവൾ കഴിയുന്നതും ദുഃഖം മറച്ചുവെച്ച് പറഞ്ഞു.

''അല്പംകൂടി ഇറച്ചിയെടുക്കട്ടേ?''

''വേണ്ട...ഏറെ സ്വാദുണ്ടെങ്കിലും.''

പിറ്റേന്നാൾ പുലർച്ചയ്ക്കാണ്, ആ ശബ്ദം അയാളുടെ കാതുകളിൽ പതിച്ചത്. ഒരു മൂളൽ പോലത്തെ ഒച്ചവെച്ച്, അതാ, ഒരു വിമാനം പറന്നടുക്കുന്നു! പിന്നീടത് കൺമുന്നിൽ തെളിഞ്ഞു. അന്നേരം അത് വായുവിൽ വട്ടം ചുറ്റുകയായിരുന്നു. വൈകാതെ, വിമാനം അനായാസമായി നിലത്തിറങ്ങി! അതാ, തന്റെ പഴയ സുഹൃത്ത് ക്രോംടൺ അയാളുടെ നേർക്ക് നടന്നടുക്കുന്നു!

''എന്ത് പറ്റീ, ചങ്ങാതീ...'' കൂട്ടുകാരൻ ചോദിച്ചു.

''കാലാകെ അളിഞ്ഞുനാറിയിരിക്കുന്നു... പ്രാതൽ കഴിക്കാം.''

''വേണ്ട. അല്പം ചായ കുടിക്കാം...പിന്നെ, വിമാനത്തിൽ ഒരാൾക്കേ ഇടമുള്ളൂ... വണ്ടി പാതിവഴി എത്തിക്കഴിഞ്ഞു. അവർ അതിൽ തിരിച്ചുപോകട്ടേ...''

അപ്പോഴയ്ക്കും അവൾ ക്രോംടണെ മാറ്റിനിറുത്തി എന്തെല്ലാമോ സംസാരിക്കാൻ തുടങ്ങിയിരുന്നു. പിന്നീട്, അയാൾ ഓർക്കുകയായിരുന്നു. ഏറെ വൈകാതെതന്നെ താൻ വിമാനത്തിലേറി മടക്കയാത്ര ആരംഭിക്കും. തനിക്കിനി മരണത്തെ ഭയപ്പെടേണ്ടതില്ല. ക്രമേണ മലമുകളിലെ കൂടാരം അപ്രത്യക്ഷമാവും. അതേ, തിരിച്ചെത്തിയതും അത്രയും കാലം താൻ ചിലവഴിച്ച കിളിമഞ്ചാരോവിലെ മഞ്ഞുനിരകളെക്കുറിച്ചെഴുതും.

അവൾ ഒച്ചയല്പമുയർത്തി വിളിച്ചു:

''ഹാരീ...''

മറുപടിയില്ല. അവൾ വീണ്ടും വിളിച്ചു:

''ഹാരീ... ഹാരീ...''

ഒച്ചയും അനക്കവുമില്ല. പിന്നീട് അവൾ കേൾക്കാനിടയായത് കഴുതപ്പുലിയുടെ ഓരിയേക്കാൾ തീവ്രമായ സ്വന്തം ഹൃദയത്തുടിപ്പുകളായിരുന്നു...


# കൊച്ചു പൂവ്

**മടവൂർ സുരേന്ദ്രൻ**

**കൊ**ച്ചുപൂവിനെ നുള്ളിയ കള്ളിയെ
പിച്ചകപ്പൂവൊന്നു നോക്കി ചിരിച്ചു
മുല്ലമൊട്ടിനു തുല്യമാം പല്ലുകൾ
മെല്ലെയൊന്നു വിടർത്തി ചിരിച്ചു
അല്ലലേയില്ല തെല്ലുമാപ്പൂവിനു
മുല്ലയോടാണുള്ളിലെ സ്നേഹവും
തല്ലുകൊള്ളുന്ന കാറ്റിന്റെ കൈകളാൽ
ഫുല്ലമാകുന്നു നിത്യവും വാടിയിൽ.



വര: സുജിത്ത് വാസുദേവൻ



# ബിഗ് ബാങ് തിയറിക്ക് ബദൽ സിദ്ധാന്തം അവതരിപ്പിച്ച ജയന്ത് നാർലീവർ ആരാണ്?

കൃഷ്ണ ഗോവിന്ദ്

**പ്രപഞ്ചത്തിന്റെ ഉത്ഭവം സംബന്ധിച്ച് ശാസ്ത്രലോകത്തെ ഒരു വലിയ വിഭാഗം അംഗീകരിച്ചിരിക്കുന്ന ഈ ബിഗ്ബാങ്തിയറിയെ വെല്ലുവിളിച്ചുകൊണ്ട പല സിദ്ധാന്തങ്ങളും ഒട്ടേറേ ശാസ്ത്രജ്ഞർ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ബിഗ് ബാങ് തിയറിയെ സംശയത്തിന്റെ മുൾമുനയിൽ നിർത്താൻ സാധിച്ച സിദ്ധാന്തങ്ങൾ കുറവാണ്. അത്തരത്തിൽ ബിഗ്ബാങ് തിയറിയുടെ പരിമിതികളെയും വ്യക്തതക്കുറവിനെയും പരിഹരിച്ച് അവതരിപ്പിക്കപ്പെട്ട പുതിയ ബദൽ സിദ്ധാന്തത്തിന്റെ ഉപജ്ഞാതക്കളിൽ ഒരാൾ ഇന്ത്യക്കാരനാണ്. ആ ആളാണ്, 2025 മേയ് 20ന് അന്തരിച്ച ഡോ. ജയന്ത് വിഷ്ണു നാർലിഖർ (86) എന്ന ഡോ. ജയന്ത് നാർലിഖർ.**



'പ്രപഞ്ചത്തിന് മരണമുണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. പ്രപഞ്ചം ശാശ്വതമായി നിലനിന്നിരുന്നു; ഇനി നിലനിൽക്കുകയും ചെയ്യും' എന്ന് പറഞ്ഞാൽ പലരും ചോദിക്കും മഹാവിസ്ഫോടന സിദ്ധാന്തം അഥവാ ബിഗ് ബാങ് തിയറി തെറ്റാണോ എന്ന്? ബിഗ് ബാങ് തിയറി തെറ്റാണോ ശരിയാണോ എന്നത് വളരെ ആഴത്തിൽ ചർച്ച ചെയ്യേണ്ട ഒന്നാണ്. പ്രപഞ്ചത്തിന്റെ ഉത്ഭവം സംബന്ധിച്ച് ശാസ്ത്രലോകത്തെ ഒരു വലിയ വിഭാഗം അംഗീകരിച്ചിരിക്കുന്ന ഈ ബിഗ് ബാങ് തിയറിയെ വെല്ലുവിളിച്ചുകൊണ്ട് പല സിദ്ധാന്തങ്ങളും ഒട്ടേറേ ശാസ്ത്രജ്ഞർ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ബിഗ് ബാങ് തിയറിയെ സംശയത്തിന്റെ മുൾമുനയിൽ നിർത്താൻ സാധിച്ച സിദ്ധാന്തങ്ങൾ കുറവാണ്. അത്തരത്തിൽ ബിഗ് ബാങ് തിയറിയുടെ പരിമിതികളെയും വ്യക്തതക്കുറവിനെയും പരിഹരിച്ച് അവതരിപ്പിക്കപ്പെട്ട പുതിയ ബദൽ സിദ്ധാന്തത്തിന്റെ ഉപജ്ഞാതക്കളിൽ ഒരാൾ ഇന്ത്യക്കാരനാണ്. ആ ആളാണ്, 2025 മേയ് 20ന് അന്തരിച്ച ഡോ. ജയന്ത് വിഷ്ണു നാർലിഖർ (86) എന്ന ഡോ. ജയന്ത് നാർലിഖർ.

1990കളുടെ തുടക്കത്തിൽ ഫ്രെഡ് ഹോയ്ൽ, ജെഫ്രി ബർബിഡ്ജ്, ജയന്ത് നാർലിഖർ എന്നിവർ ചേർന്നായിരുന്നു മഹാവിസ്ഫോടന സിദ്ധാന്തത്തിന് ഒരു ബദൽ നിർദ്ദേശിക്കുന്ന ക്വാസി സ്റ്റെഡി സ്റ്റേറ്റ് കോസ്മോളജി (ക്യുഎസ് എസ്‌സി) എന്ന സിദ്ധാന്തം വികസിപ്പിച്ചെടുത്തത്. തുടർച്ചയായി വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തെക്കുറിച്ചുള്ള ആശയം നിലനിർത്തിക്കൊണ്ട് മഹാവിസ്ഫോടന സിദ്ധാന്തത്തിന്റെ ചില പരിമിതികൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ, യഥാർത്ഥ സ്റ്റെഡി സ്റ്റേറ്റ് സിദ്ധാന്തത്തിന്റെ പരിഷ്കരിച്ച ഒരു പതിപ്പാണിത്. ഇതുമായി ബന്ധപ്പെട്ട് ആൽബർട്ട് ഐൻസ്റ്റീന്റെ

സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തിന് പകരമായിട്ടുള്ള ഹോയ്ൽ നാർലിഖർ ഗുരുത്വാകർഷണസിദ്ധാന്തത്തിന് (Hoyle-Narlikar theory of gravtiy)ജ്യോതിശ്ശാസ്ത്രത്തിൽ വലിയ സ്ഥാനമാണുള്ളത്. ഇത്തരത്തിൽ ശാസ്ത്ര ലോകത്തിന് വമ്പിച്ച സംഭാവനകൾ നൽകിയ ഡോ. ജയന്ത് നാർലിഖർ, ലോകത്തിന് ഇന്ത്യ നൽകിയ ഏറ്റവും പ്രഗത്ഭനായ ജ്യോതിർഭൗതിക ശാസ്ത്രജ്ഞരിൽ ഒരാളായിരുന്നു.

1938 ജൂലൈ 19ന് മഹാരാഷ്ട്രയിലെ കോലാപ്പൂരിലാണ് ജയന്ത് നാർലിഖർ ജനിച്ചത്. ബനാറസ് ഹിന്ദു സർവകലാശാലയിലെ ഗണിതശാസ്ത്ര വിഭാഗം പ്രൊഫസറും മേധാവിയുമായിരുന്ന വിഷ്ണു വാസുദേവ നാർലിഖറാണ് പിതാവ്. ഒരു സംസ്കൃത പണ്ഡിതയായിരുന്ന സുമതി നാർലിഖറാണ് മാതാവ്. ബനാറസ് സർവകലാശാല ക്യാമ്പസിലെ വിദ്യാലയത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം അവിടെ തന്നെ ശാസ്ത്രത്തിൽ ബിരുദവും (1957ൽ) നേടി. ഉന്നത പഠനത്തിനായി ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ചേരുകയും, ഗണിതശാസ്ത്രത്തിൽ ബി എ (1960), പി എച്ച് ഡി (1963), അസ്ട്രോഫിസിക്സിൽ എം എ (1964), എസ് സി ഡി (1976) എന്നിവ കരസ്ഥമാക്കുകയും ചെയ്തു. കേംബ്രിഡ്ജ് പഠനകാലത്ത് റാങ്ലർ പദവിയും ടൈസൺ മെഡലും (വാനശാസ്ത്രം) സ്വന്തമാക്കി.

പഠനത്തോടൊപ്പം കേംബ്രിഡ്ജിൽ കിംഗ്സ് കോളജിന്റെ ഫെലോ (1963-72) ആയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയററ്റിക്കൽ അസ്ട്രോണമിയുടെ (1966-72) സ്ഥാപക അംഗമായും നാർലിഖർ പ്രവർത്തിച്ചു. ഈ കാലം മുതലാണ് തന്റെ ഗുരുവും ഉപദേഷ്ടാവായ ഫ്രെഡ് ഹോയലുമായി ചേർന്ന് പ്രപഞ്ചശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും ഗവേഷണ പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചത്. തന്റെ ഗവേഷണം തുടരുന്നതിനോടൊപ്പം അദ്ദേഹം, ഇന്ത്യയിലേക്ക് മടങ്ങുകയും 1972ൽ ബോംബെയിലെ (ഇന്നത്തെ മുംബൈ) ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ (ടി ഐ എഫ് ആർ) ചേരുകയും ചെയ്തു. ടി ഐ എഫ് ആറിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന തിയററ്റിക്കൽ ആസ്ട്രോഫിസിക്സ് ഗ്രൂപ്പ് അന്താരാഷ്ട്ര പ്രശസ്തി നേടിയ ഒന്നായിരുന്നു. കൂടാതെ പൂനെയിലെ എൻ സി ആർ എ എന്ന നാഷണൽ സെന്റർ ഫോർ റേഡിയോ അസ്ട്രോഫിസിക്സ് (1980), ജി എം ആർ ടി എന്ന ജെയന്റ് മീറ്റർ വേവ് റേഡിയോ ടെലിസ്കോപ്പ്(1985) തുടങ്ങിയ ജ്യോതിശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്കും സംവിധാനങ്ങൾക്കും അദ്ദേഹത്തിന്റെ ഇടപടൽ ഉണ്ടായരുന്നു.

1988ൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ താൽപര്യ പ്രകാരം പൂനെയിൽ ഐയുക്ക (IUCAA) എന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും സ്ഥാപക ഡയറക്ടറായി പ്രവർത്തിക്കുകയും ചെയ്തു. 1994 മുതൽ 1997 വരെ അദ്ദേഹം അന്താരാഷ്ട്ര ജ്യോതിശാസ്ത്ര യൂണിയന്റെ കോസ്മോളജി കമ്മീഷൻ പ്രസിഡന്റുമായിരുന്നു. ജ്യോതിശാസ്ത്രത്തിലും ആസ്ട്രോഫിസിക്സിലും അധ്യാപനത്തിലും ഗവേഷണത്തിലും ലോകോത്തര മികവ് പുലർത്തുന്നതിനുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ഐയുക്കയെ വളർത്തിയതിന് ശേഷം 2003ൽ അദ്ദേഹം ഡയറക്ടർ സ്ഥാനത്ത് നിന്ന് വിരമിച്ചു. എങ്കിലും നാർലിഖർ, ആൾട്ടർനേറ്റീവ് കോസ്മോളജിയിൽ, (ക്വാസിസ്റ്റെഡി സ്റ്റേറ്റ് കോസ്മോളജി) തന്റെ ഗവേഷണങ്ങൾ തുടർന്നു. ശാസ്ത്ര ഗവേഷണ ഉപദേഷ്ടാവ് എന്ന നിലയിലും നാർലിഖർ സേവനം നിർവ്വഹിച്ചു.

ജയന്ത് നാർലിഖറിനെ പ്രപഞ്ച ശാസ്ത്രജ്ഞനെന്നോ, ജ്യോതിർഭൗതികശാസ്ത്രജ്ഞനെന്നോ മാത്രമായി ഒരു വിഭാഗത്തിൽ തന്നെ ഒതുക്കി നിർത്താൻ സാധിക്കില്ല. തത്വചിന്തകൻ, കലാകാരൻ, ശാസ്ത്ര സാഹിത്യകാരൻ, കഥാകൃത്ത് ഇങ്ങനെ പല മേഖലകളിലായി വ്യാപരിച്ചിരുന്ന നമ്മുടെ കാലഘട്ടത്തിലെ അസാമാന്യമായ തലത്തിലുള്ള ധിഷണശാലിയായ ഒരു ബഹുമുഖ പ്രതിഭയായിരുന്നു നാർലിഖർ. തൊണ്ണൂറുകളിൽ (1990) ദൂരദർശന്റെ ശാസ്ത്ര അധിഷ്ഠിത പരിപാടിയായ 'ടേണിംഗ് പോയിന്റി'ൽ പങ്കാളിയാവുകയും ബ്രഹ്മാണ്ഡ് എന്ന പേരിൽ ഒരു ശാസ്ത്ര സീരിയൽ തയ്യാറാക്കുകയും ചെയ്തു. കൂടാതെ ആകാശവാണിയിലും ആനുകാലികങ്ങളിലൂടെയും ഒക്കെ ശാസ്ത്ര സംബന്ധിയായ കാര്യങ്ങൾക്ക് വലിയ തോതിൽ പ്രചാരം നടത്താൻ മുന്നിൽ നിൽക്കുകയും ചെയ്തിരുന്നു.

സാധാരണക്കാർക്കിടയിൽ ശാസ്ത്രത്തിന്റെ

പ്രത്യേകിച്ച് പ്രപഞ്ചശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലുമുള്ള അറിവുകൾ പകരാൻ അദ്ദേഹം പുസ്തകങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും റേഡിയോ ടെലിവിഷൻ ഓൺലൈൻ പരിപാടികളിലൂടെയും ശാസ്ത്രപ്രചാരണം നടത്തി. ഇരുപ്പത്തിയഞ്ചോളം അക്കാദമിക തലത്തിലുള്ള ശാസ്ത്ര പുസ്തകങ്ങളും ഇംഗ്ലീഷിലും മറാത്തിയിലും ഹിന്ദിയിലുമായി പത്തോളം സാഹിത്യ കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. ശാസ്ത്ര ഗവേഷണത്തിലും സാഹിത്യത്തിലും ദേശീയവും അന്തർദ്ദേശീയവുമായ ഒട്ടേറേ പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുള്ള വ്യക്തിയാണ് നാർലിഖർ. 1965ൽ 26 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന് പത്മഭൂഷൺ ലഭിച്ചു. ഫ്രഞ്ച് അസ്ട്രോണമിക്കൽ സൊസൈറ്റിയുടെ പ്രിക്സ് ജൂൾസ് ജാൻസെൻ അവാർഡ്, കേംബ്രിഡ്ജിന്റെ സ്മിത്ത്സ് പ്രൈസ്, ശാസ്ത്ര പ്രചാരണ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി യുനെസ്കോ കലിംഗ പ്രൈസ് (1996ൽ) എന്നിവ ലഭിച്ചു. 2004ൽ പത്മവിഭൂഷൺ ലഭിച്ചു. 2014ൽ മറാത്തിയിൽ എഴുതിയ ആത്മകഥയ്ക്കുള്ള (ചാർ നഗരാന്തലേ മാസേ വിശ്വ) കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു.

ഗണിതശാസ്ത്ര ഗവേഷകയും പ്രൊഫസറുമായ മംഗള രാജ്വാഡെയാണ് നാർലിഖർ വിവാഹം കഴിച്ചത്. പ്രൊഫ. മംഗള, 2023 ജൂലൈ 17ന് അന്തരിച്ചു. ഇവർക്ക് മൂന്ന് പെൺമക്കളുണ്ട്; സാൻ ഫ്രാൻസിസ്കോയിലെ കാലിഫോർണിയ സർവകലാശാലയിൽ ബയോമെഡിക്കൽ ഗവേഷകയായ ഗീത, കമ്പ്യൂട്ടർ സയൻസിൽ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന ഗിരിജ, ലീലാവതി. കേംബ്രിഡ്ജ് സർവകലാശാലയിൽ സോഷ്യൽ സയൻസ് അക്കാദമിക് ആയ അമൃത നാർലിഖർ, ജയന്ത് നാർലിഖറിന്റെ അനന്തിരവളാണ്.

Photos: Wikimedia Commons
Freepik

കവിത



# ഒത്തു തുഴഞ്ഞാൽ

## സരസൻ എടവനക്കാട്




എട്ടു കൂട്ടർ കുട്ടിക്കൂട്ടർ
ഒത്തു വള്ളം വാങ്ങി
ആറ്റിറമ്പിൽ നിന്നിറങ്ങി
വള്ളമൂന്നി പോയി
തിത്തിത്താര പാടിപ്പാടി
ഒത്തുചേർന്നു പോയി
ഒന്നുചേർന്നു തുഴ തുഴഞ്ഞു
അക്കരെയും എത്തി
ഇക്കരെയും അക്കരെയും
ഉള്ളോർ കൈകൾ കൊട്ടി
ഐക്യമാണു ശക്തിയെന്ന്
എട്ടു നാടും വാഴ്ത്തി!

# കുഞ്ഞിപ്പാട്ട്

**ജി കണ്ണനുണ്ണി**



അമ്മേ എന്നു വിളിക്കുമ്പോൾ
സ്നേഹക്കടലായ് ഓടിവരും.
അച്ഛാ എന്ന് വിളിക്കുമ്പോൾ
ആത്മബലം അത് കൂടിവരും.
അധ്യാപകനെ വിളിക്കുമ്പോൾ
അറിവിൻ പാൽക്കടൽ ഒഴുകി വരും.
പ്രകൃതി എന്ന് വിളിക്കുമ്പോൾ
ഭൂമിദേവി കടാക്ഷിക്കും.
നദിയെ നന്നായ് നോക്കുമ്പോൾ
ശുദ്ധതെളിനീർ അമൃത് വരും.
മരങ്ങളെ നന്നായ് നോക്കുമ്പോൾ
കായ്കനികളും തണലുംതരും.
മൃഗങ്ങളെ നന്നായ് നോക്കുമ്പോൾ
സ്നേഹമെന്നത് തിരികെ തരും.
കൂട്ടുകാരെ വിളിക്കുമ്പോൾ
ആനന്ദനിമിഷങ്ങളവിടെ വരും.
അക്ഷരമൊന്ന് പഠിക്കുമ്പോൾ
ജ്ഞാനപ്രപഞ്ചമതൊഴുകി വരും.

വര: ഈശ്വരൻ നമ്പൂതിരി

കഥ



# ജന്മദിനാശംസകൾ

**പള്ളിയറ ശ്രീധരൻ**



അമ്മേ ഇന്ന് അമ്മാവന്റെ ജന്മദിനമാണ്. നമുക്ക് ഒരു ബർത്തഡേ കേക്ക് വാങ്ങി ആശംസ നേർന്ന് കേക്ക് മുറിക്കാം.

''ഇന്ന് ശനിയാഴ്ച നിനക്ക് സ്കൂളില്ല എന്നത് ശരിതന്നെ. പക്ഷേ എനിക്കും നിന്റെ അച്ഛനും ഓഫീസിൽ പോകണം. നമുക്ക് എല്ലാവർക്കും കൂടി നാളെ പോകാം.'' നീതുവിന്റെ അമ്മ മറുപടി പറഞ്ഞു.

''ജന്മദിനം ഇന്നല്ലേ നാളെ മതിയോ ജന്മദിനാശംസ ഇന്ന് തന്നെ പോകണം.''

''എങ്ങനെ പോകും. എനിക്ക് ഒറ്റ ലീവ് ബാക്കിയില്ല. നിന്റെ അച്ഛന് ഒരു ലീവ് മാത്രം . അത് എടുത്താൽ എന്തെങ്കിലും അത്യാവശ്യം വന്നാൽ എന്ത് ചെയ്യും?''

''എന്നാൽ ഞാൻ തിരിച്ച് പോകാം. നിന്നെ ഒറ്റക്ക് അയയ്ക്കാനോ അത് പറ്റില്ല.''

''എന്താ ഒറ്റക്ക് പോയാൽ ടൗൺ വരെ ബസ്സിൽ പോകാം. പിന്നെ റെയിൽവേ സ്റ്റേഷനിൽ പോയി ടിക്കറ്റെടുത്ത് കോഴിക്കോട് പോകണം. പിന്നെ ഒരു ഓട്ടോയിൽ അമ്മാവന്റെ വീട് വരെ പോകാം.''

''അതൊക്കെ ശരിതന്നെ എന്നാലും ഇത്ര ദൂരെ ഒറ്റക്ക് ഒരു പെൺകുട്ടിയെ അയക്കുന്നത് ശരിയാവില്ല. അമ്മ എന്തിനാ പോകുന്നത് പണ്ടത്തെ കാലമൊന്നുമല്ല. ഇപ്പോൾ ആർക്കും ഒറ്റക്ക് സുരക്ഷിതമായി യാത്ര ചെയ്യാം. മാത്രമല്ല പകൽ സമയം കൂടിയാണ്. ഇന്ന് ഞാനവിടെ താമസിക്കും. നാളെ അച്ഛനും അമ്മയും വന്നോളൂ ഒന്നിച്ച് തിരിച്ച് വരാം.

''ഒറ്റക്ക് യാത്ര ചെയ്യാൻ നിനക്ക് ധൈര്യമുണ്ടോ?''

''എന്തിനാ പേടിക്കുന്നത്? ഞാൻ പോകും. എനിക്ക് യാതൊരു പേടിയുമില്ല.''

''ശരി. അത്ര ധൈര്യമാണെങ്കിൽ പോയ്ക്കോളൂ. അച്ഛൻ മുകളിലുണ്ട്. അച്ഛനോട് കൂടി ചോദിക്ക്.

നീതു ഉടനെ മുകളിലേക്ക് കയറി അച്ഛനോട് കാര്യം പറഞ്ഞു. ധൈര്യമുണ്ടെങ്കിൽ പോയ്ക്കോ എന്ന് സമ്മതിച്ചു. നീതു പോകാൻ റെഡിയായി. ബർത്ത്ഡേ കേക്കിനുള്ള പണം ഉൾപ്പെടെ വാങ്ങി പുറപ്പെടുന്ന

സമയം അമ്മ ഒട്ടിച്ച ഒരു കവർ അവൾക്ക് കൊടുത്തു.

ഈ കവർ നീ ഭദ്രമായി വെക്കണം. പൊളിച്ചു നോക്കരുത്. യാത്രക്കിടയിൽ നിനക്ക് പേടി തോന്നിയാൽ മാത്രം കവർ പൊട്ടിച്ച് വായിക്കുക.

''ശരിഅമ്മ,അച്ഛാഞാൻ പോകട്ടെ. അവർ രണ്ടുപേരും നീതുവിനെ യാത്രയാക്കി.'' അവൾ ധൈര്യത്തോടെ ബസ്സിൽ നഗരത്തിലെത്തി ടിക്കറ്റ് എടുത്ത് ട്രെയിനിൽ കയറി.

ട്രെയിനിൽ തീരെ തിരക്കുണ്ടായിരുന്നില്ല. ശുഭയാത്ര തന്നെ. കുറച്ച് കഴിഞ്ഞപ്പോൾ യാത്രക്കാർ കൂടി വന്നു. ഒരു മീശക്കാരൻ അവളെ തുറിച്ച് നോക്കാൻ തുടങ്ങി.

അവൾക്ക് അൽപം പേടി തോന്നി. ഇയാൾ ഞാനിറങ്ങുമ്പോൾ ഇറങ്ങി കൂടെ വരുമോ. തനിച്ചായതിനാൽ എന്നെ ഉപദ്രവിക്കുമോ. അമ്മാവന്റെ വീട്ടിലേക്ക് തനിച്ചാണ് യാത്ര ചെയ്യേണ്ടത്. അവൾക്ക് ശരിക്കും പേടി തോന്നി.

പേടി തോന്നുകയാണെങ്കിൽ അമ്മ തന്ന കവർ പൊട്ടിച്ചു നോക്കാൻ ആവശ്യപ്പെട്ടിരുന്നു വല്ലോ. തനിക്ക് അൽപം പേടി വന്നിട്ടുണ്ട്. കവർ പൊട്ടിച്ച് നോക്കാം. എന്താണ് പേടിക്കാതിരിക്കാനുള്ള മരുന്ന് എന്ന് നോക്കാം. അവൾ പതുക്കെ കവർ പൊട്ടിച്ച് വായിക്കാൻ തുടങ്ങി.പ്രിയപ്പെട്ട മോളേ നീതു നിനക്ക് ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പേടിയില്ല എന്നറിയാം. അതുകൊണ്ടാണ് നിന്നെ ഒറ്റക്കയച്ചത്. പക്ഷെ കാലം വളരെ മോശമാണ്. അപകടം പറ്റിക്കൂടെന്നില്ല. നീ പേടിക്കണ്ട. ഞാനും നിന്റെ അച്ഛനും നീ യാത്ര ചെയ്യുന്ന കമ്പാർട്ട്മെന്റിന്റെ പിറകിലുള്ള കമ്പാർട്ട്മെന്റിൽ ഉണ്ട്. ഉടനെ പിറകിലുള്ള കമ്പാർട്ട്മെന്റിലേക്ക് വരൂ ധൈര്യമായി യാത്ര ചെയ്യാം. നിന്റെ പ്രിയപ്പെട്ട അമ്മ.


വര: ബോബി എം പ്രഭ

അവൾക്ക് സന്തോഷമായി ഉടനെ അവൾ തൊട്ടടുത്ത കമ്പാർട്ട്മെന്റിലേക്ക് പോയി അമ്മയേയും അച്ഛനേയും കണ്ടു. ''എന്താ നിന്റെ ധൈര്യമൊക്കെ പോയി പേടി ആയോ.''

''ഏയ് ഞാൻ വെറുതെ കത്ത് വായിച്ചതാ. നിങ്ങൾ ഇവിടെ ഉണ്ട് എന്ന് മനസ്സിലായി ഇങ്ങോട്ട് പോന്നു.''

''നീ കള്ളം പറയുകയല്ലേ. ശരി നമുക്ക് ഒന്നിച്ച് പോകാം. ഒരു ബർത്ത്ഡേ കേക്ക് വാങ്ങി ജന്മദിനം ആഘോഷിക്കാം.''

അവർക്ക് ഇറങ്ങേണ്ട സ്റ്റേഷനിൽ ട്രെയിൻ എത്തി. ബേക്കറിയിൽ ചെന്ന് നല്ല ഒരു ബർത്ത്ഡേ കേക്ക് വാങ്ങി ഒരു ഓട്ടോയിൽ അവർ അമ്മാവന്റെ വീട്ടിലെത്തി. കേക്ക് മുറിച്ച് അമ്മാവന് ജന്മദിനാശംസകൾ നേർന്നു!



### അന്താരാഷ്ട്ര കടുവ ദിനം

# ചില കടുവ വിശേഷങ്ങൾ

സഞ്ജന

എല്ലാ വർഷവും ജൂലൈ 29ന് അന്താരാഷ്ട്ര കടുവ ദിനം (International Tiger Day) ആഘോഷിക്കപ്പെടുന്നു. കടുവകളുടെ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, അവയുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുക, വംശനാശ ഭീഷണി കുറയ്ക്കുക എന്നിവയാണ് ഈ ദിനത്തിന്റെ ലക്ഷ്യം. 2010ലെ സെന്റ് പീറ്റേഴ്സ്ബർഗ് ടൈഗർ സമ്മിറ്റിൽ ആണ് ഈ ദിനം ആഘോഷിക്കാൻ തീരുമാനിച്ചത്.



'അവരുടെ ഭാവി നമ്മുടെ കൈകളിലാണ്...' (Their Future in Our Hands) ജൂലൈ 29ന് അന്തർദേശീയ കടുവ ദിനം (International Tiger Day) ആഘോഷിക്കുമ്പോൾ നമ്മളോരോരുത്തരും എടുക്കേണ്ട പ്രതിജ്ഞയാണ് ഇത്. 2025 ലെ കടുവ ദിനത്തിന്റെ മുഖ്യ പ്രമേയമാണ് ഈ മുദ്രാവാക്യം. സഹജീവികളുടെ ഭാവി സംരക്ഷിക്കുന്നതിൽ മനുഷ്യരുടെ നിർണായക പങ്കിനെ ഉദ്ഘോഷിക്കുന്നുണ്ട് ഇത്തവണത്തെ കടുവ ദിന സന്ദേശം. കടുവകളുടെ സംരക്ഷണത്തിന്റെ ആവിശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക, അവയുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുക, വംശനാശഭീഷണി കുറയ്ക്കുക എന്നിങ്ങനെ വിശാലമായ പാരിസ്ഥിതിക ലക്ഷ്യം മുൻനിർത്തിയാണ് വിവിധരാജ്യങ്ങളും സംഘടനകളും കടുവ ദിന പരിപാടികൾ സംഘടിപ്പിക്കുന്നത്. 2010ലെ സെന്റ് പീറ്റേഴ്സ്ബർഗ് കടുവ ഉച്ചകോടിയിലാണ് ജൂലൈ 29 കടുവ ദിനമായി ആഘോഷിക്കാൻ തീരുമാനിച്ചത്.

കൂട്ടായ പ്രവർത്തനത്തിലൂടെയും സംരക്ഷണ ശ്രമങ്ങളിലൂടെയും പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുകയാണ് ഇത്തരം ദിനങ്ങൾ അന്തർദേശീയ തലത്തിൽ ആഘോഷിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

മാംസഭുക്കുകൾ ആയ മാർജ്ജാര (വലിയ പൂച്ചകൾ) കുടുംബത്തിലെ ഇന്ന് ജിവിച്ചിരിക്കുന്നതിൽ ഏറ്റവും വലുതും ശക്തിയേറിയതുമായ അംഗമാണ് കടുവ. ഏഷ്യൻ വൻകരയിലാണ് കടുവകളെ കൂടുതൽ കണ്ടുവരുന്നത്. ഇന്ത്യയുടെ ദേശീയമൃഗം കടുവയുടെ ഉപവംശമായ ബംഗാൾ കടുവയാണ്. ലോകത്തെ കടുവ ജനസംഖ്യയിൽ 70% ഇന്ത്യയിലാണ്.

പൂച്ച വർഗ്ഗത്തിൽ (Felidae)പ്പെട്ട കടുവയുടെ ശാസ്ത്രനാമം

Panthera tigris എന്നാണ്. 'Panthera'എന്നത് 'വേട്ടക്കാരൻ.' എന്നർത്ഥം വരുന്ന ലാറ്റിൻ വാക്കാണ്, 'Tigris' 'അമ്പ്' എന്നർത്ഥം വരുന്ന ഗ്രീക്ക് പദവും. ഇത് കടുവയുടെ വേഗത യെയും ശക്തിയെയും സൂചിപ്പി ക്കുന്നു. കടുവകൾക്ക് ആറ് ഉപ വിഭാഗങ്ങൾ (subspecies) ഉണ്ട്.

ബംഗാൾ കടുവ – (Panthera tigris tigris) ഇന്ത്യ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, മ്യാൻമർ.

ഇന്തോ ചൈനീസ് കടുവ – (Panthera tigris corbetti) കംബോഡിയ, ലാവോസ്, മ്യാൻമർ, തായ്‌ലൻഡ്.

മലയൻ കടുവ – (Panthera tigris jacksoni) മലേഷ്യ.

സൈബീരിയൻ കടുവ – (Panthera tigris altaica) റഷ്യ.

ദക്ഷിണ ചൈനീസ് കടുവ – (Panthera tigris amoyensis) വംശനാശ ഭീഷണിയിൽ.

സുമാത്രൻ കടുവ – (Panthera tigris sumtarae) ഇന്തോനേഷ്യ

## വൈവിധ്യമാർന്ന ആവാസ വ്യവസ്ഥ

ഒട്ടുമിക്കതരം വനങ്ങളിലും കടുവകളെ കണ്ടുവരുന്നു. ഉഷ്ണമേഖലാ, ഇലപൊഴിയും, നിത്യഹരിത വനങ്ങൾ (ഉദാ: ഇന്ത്യയിലെ ബന്ദിപ്പൂർ, രൺതംബോർ). മാംഗ്രൂവ് വനങ്ങൾ (ഉദാ: സുന്ദർബൻസ്). പുൽമേടുകൾ (ഹിമാലയൻ പുൽമേടുകൾ) തണുത്ത പ്രദേശങ്ങൾ (സൈബീരിയ). ഹിമാലയൻ മേഖലകളിൽ 4,000 മീറ്റർ വരെ ഉയരത്തിൽ കടുവകൾ ജീവിക്കുന്നു. ജലസാമീപ്യമുള്ള പ്രദേശങ്ങളാണ് കടുവകൾക്കു കൂടുതൽ ഇഷ്ടം. ജലത്തിൽ കുളിക്കാനും വേട്ടയാടാനും അവ ഇഷ്ടപ്പെടുന്നു. കടുവകൾക്ക് മറയ്ക്കാനുള്ള സ്ഥലം ആവശ്യമാണ്. കട്ടിയുള്ള വനങ്ങൾ, പുല്ലുകൾ എന്നിവ വേട്ടയാടലിന് മറയ്ക്കാൻ സഹായിക്കുന്നു. മാൻ, പന്നി, കാട്ടുപോത്ത് തുടങ്ങിയ ഇര ജന്തുക്കൾ ധാരാളമുള്ള പ്രദേശങ്ങളാണ് കടുവകൾക്ക് കൂടുതൽ താല്പര്യം.

## പ്രത്യേകതകൾ

കടുംതവിട്ടു നിറത്തിലുള്ള ശരീരത്തിനു കുറുകെയുള്ള കറുത്ത വരകൾ കടുവകളെ കണ്ടാൽ ഇതരജന്തുക്കളിൽ നിന്നു പെട്ടെന്നു തിരിച്ചറിയാൻ സാധിക്കുന്നു. പക്ഷേ വനങ്ങളിലെ നിറങ്ങൾക്കനുസൃതമായ തരത്തിൽ കടുവയെ സ്വയം ഒളിപ്പിച്ചുനിർത്തുവാനും അവയുടെ നിറം ഉപകരിക്കുന്നു. ഇരകളേയും മറ്റും ദീർഘനേരം ഇമവെട്ടാതെ നോക്കിയിരിക്കാനും ഇവക്കു കഴിയും.

## ജീവിതരീതി


ജീവികളുടെ ആഹാരശൃംഖലയിലെ ഏറ്റവും ഉയർന്ന അംഗമാണ് കടുവ. കാട് അടക്കിവാഴും വിധം വാസസ്ഥലങ്ങളിൽ അധീനപ്രദേശപരിധി (Territory) നിലനിർത്തി റോന്തു ചുറ്റുന്ന സ്വഭാവം കടുവയ്ക്കുണ്ട്. ആൺകടുവകളുടെ അധീനപ്രദേശം 70 മുതൽ 100 ചതുരശ്രകിലോമീറ്റർ വരെ വരും. പെൺകടുവകൾ 25 ചതുരശ്രകിലോമീറ്ററാണ് അടക്കി വാഴുക. ഒരു ആൺകടുവയുടെ പരിധിയിൽ പല പെൺകടുവകൾ കാണുമെങ്കിലും, മറ്റൊരു ആൺകടുവയെ സ്വന്തം പരിധിയിൽ കാണുന്നത് അവ തമ്മിലുള്ള പോരാട്ടത്തിലും മിക്കവാറും ഒരു കടുവയുടെ അന്ത്യത്തിലുമായിരിക്കും അവസാനിക്കുക. ഒരു കടുവയ്ക്കു തന്നെ ഇത്ര വലിയ ഒരു പരിധി ആവശ്യമുള്ളതിനാൽ വനനശീകരണം ഈ മൃഗങ്ങളെ വളരെ ഗുരുതരമായി ബാധിക്കുന്നു.

## വേട്ടയാടൽ

കടുവകൾ രാത്രിയിൽ (nocturnal) വേട്ടയാടാൻ ഇഷ്ടപ്പെടുന്നു. ശക്തമായ ശരീരം, മൂർച്ചയുള്ള നഖങ്ങളും പല്ലുകളും ഉപയോഗിച്ച് ഇരയെ പിടിക്കുന്നു. ഇരയെ പിന്തുടർന്ന് പതുങ്ങി ആക്രമിക്കുന്നതാണ് രീതി (ambush predator). കഴുത്തിനു പിറകിൽ തന്റെ ദംഷ്ട്രകളിറക്കിയാണ് കടുവ ഇരകളെ കീഴടക്കുന്നത്. അങ്ങനെ ചെയ്യുന്നതു വഴി സുഷുമ്നാനാഡി തകർക്കാനും ഇരകളെ വളരെ പെട്ടെന്നു തന്നെ നിർവീര്യമാക്കുവാനും കടുവയ്ക്കു കഴിയുന്നു.

## ആഹാരം

കടുവകൾ മുഴുവനായും മാംസഭുക്കുകളാണ് (carnivores) മാൻ (സാംബർ, ചിതൽ), കാട്ടുപോത്ത്, ഗൗർ, കട്ടുപന്നി. ചെറിയ മുയൽ, കുരങ്ങുകൾ, പക്ഷികൾ



തുടങ്ങിയവയാണ് പ്രധാന ഇരകൾ. എന്നാൽ ചുരുക്കം സന്ദർഭങ്ങളിൽ കാണ്ടാമൃഗം, ആന എന്നിവയേയും വേട്ടയാടാറുണ്ട്. മത്സ്യം, ഞണ്ട്, മറ്റ് ജലജീവികൾ എന്നിവയെയും കടുവകൾ ആഹാരമാക്കാറുണ്ട്.

ഒരു കടുവ ഒരു വർഷം 40–70 വലിയ ഇരകളെ വേട്ടയാടുന്നു. ഒരു തവണ 15–40 കിലോ മാംസം വരെ ഭക്ഷിക്കാം. മറ്റ് പൂച്ച വർഗ ജീവികളിൽ നിന്ന് വ്യത്യസ്തമായി കടുവകൾക്ക് ജലത്തിൽ വേട്ടയാടാനും കഴിവുണ്ട്. ഇര ലഭ്യമല്ലെങ്കിൽ, ചത്ത ജന്തുക്കളെയും (**carrion**) ഭക്ഷിക്കാറുണ്ട്.

**പ്രത്യുൽപാദനം**

ഒറ്റയ്ക്ക് കഴിയുന്ന ഇവ പ്രജനന കാലത്ത് മാത്രമേ ഇണയോടൊപ്പം ജീവിക്കാറുള്ളൂ. കടുവകളുടെ ഗർഭകാലം: 112 ദിവസമാണ്. ഒരു പ്രസവത്തിൽ 2 മുതൽ 4 വരെ കുഞ്ഞുങ്ങൾ (**cub**) ഉണ്ടാവും. പ്രസവിച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷമെ കുഞ്ഞുങ്ങളുടെ കണ്ണ് തുറക്കുകയുള്ളൂ. അമ്മക്കടുവ കുഞ്ഞുങ്ങളെ പരിപാലിക്കുകയും, ക്രമേണ അവയെ വേട്ടയാടാൻ പഠിപ്പിക്കുകയും ചെയ്യുന്നു. പ്രായപൂർത്തിയാവുന്നത് മൂന്നു വർഷം കൊണ്ടാണ്. കടുവകളുടെ ശരാശരി ആയുസ്സ് 10–15 വർഷമാണ്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കടുവകൾ കണ്ടുവരുന്ന പ്രദേശങ്ങളെ പ്രധാനമായും നാലായി തിരിക്കാം: വടക്കുകിഴക്കൻ കണ്ടൽ കാടുകൾ, ചതുപ്പു പ്രദേശങ്ങൾ, ഹിമാലയ വനങ്ങൾ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മലനിരകളോടു ചേർന്നുള്ള വനങ്ങൾ.

ലോകത്തിൽ ഇന്നാകെ ഏകദേശം 3900 കടുവകൾ ആണ് അവശേഷിക്കുന്നത്. നിയമവിരുദ്ധമായുള്ള വേട്ടയാടൽ, കടുവയുടെ ശരീരഭാഗങ്ങൾക്ക് വേണ്ടിയുള്ള വ്യാപാരം എന്നിവയും കടുവയുടെ വംശനാശത്തിന് കാരണമാകുന്നു. കാലാവസ്ഥ വ്യതിയാനവും മറ്റൊരു പ്രധാന കാരണമാണ്. കേരളത്തിന്റെ കാര്യം എടുത്ത് നോക്കുകയാണെങ്കിൽ വനത്തോടു ചേർന്നുള്ള മനുഷ്യവാസം, വനം നശിപ്പിച്ചുകൊണ്ടുള്ള വികസനം എന്നിവയൊക്കെ കടുവകളെ വംശനാശത്തിലേക്ക് തള്ളിവിടുന്നു. മനുഷ്യരുമായുള്ള കടുവകളുടെ ഏറ്റുമുട്ടലുകൾ ഇടുക്കി, വയനാട് ജില്ലകളിൽ വലിയ സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുന്നു.

ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ കടുവകളുള്ള രാജ്യമാണ് ഇന്ത്യ. ഏകദേശം 3000 ത്തോളം കടുവകളാണ് ഇവിടെ ഉള്ളത്. 1973ലാണ് കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ ഇന്ത്യയിൽ ആരംഭിക്കുന്നത്. അതിന്റെ ഭാഗമായിത്തന്നെ ഇന്ന് ഇന്ത്യയിൽ അമ്പതിലധികം കടുവ സങ്കേതങ്ങൾ ഉണ്ട്. ഈ പ്രൊജെക്ട് കടുവ സംരക്ഷണത്തിന്റെ കാര്യത്തിൽ വലിയ മാറ്റങ്ങൾ തന്നെയാണ് കൊണ്ടുവന്നത്.

കേരളത്തിൽ, പെരിയാർ ടൈഗർ റിസർവ്, പറമ്പിക്കുളം ടൈഗർ റിസർവ്, വയനാട് വന്യജീവി സങ്കേതം എന്നിവ കടുവകൾക്ക് പെരുകേട്ടതാണ്. ഇവയിലൂടെ കടുവകളുടെ എണ്ണം വർദ്ധിപ്പിക്കാനും അവരുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കാനുമാണ് വനം വകുപ്പ്



ശ്രമിക്കുന്നത്. കേരളത്തിലെ പശ്ചിമഘട്ട വനമേഖല കടുവകളുടെ അനുയോജ്യമായ ആവാസ സ്ഥലമാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച ടൈഗർ റിസർവുകളിൽ ഒന്നാണ് പെരിയാർ ടൈഗർ റിസെർവ്. അതുപോലെ തന്നെയാണ് പറമ്പിക്കുളം ടൈഗർ റിസേർവും. ഇവിടെയൊക്കെ കടുവകൾക്ക് പുറമെ മറ്റ് വന്യജന്തുക്കളും ഒരുപോലെ സംരക്ഷിക്കപ്പെടുന്നു.


നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി ഇതിൽ മുഖ്യ പങ്ക്‌വഹിക്കുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യകളായ ക്യാമറ ട്രാപ്പുകൾ, ജി പി എസ് ട്രാക്കിങ്, ഡ്രോൺ സർവേകൾ എന്നിവ ഉപയോഗപ്പെടുത്തി കടുവകളുടെ സഞ്ചാരപാതയും പ്രജനനവുമൊക്കെ കേരളത്തിൽ നിരീക്ഷിക്കപ്പെടുന്നുണ്ട്. മാത്രവുമല്ല കേരളത്തിലെ മനുഷ്യ കടുവ സംഘർഷങ്ങൾ കുറയ്ക്കാനായി വേലികൾ, സോളാർ, സോളാർ ഫെൻസിങ്, അതുപോലെ ബോധവൽക്കരണ പരിപാടികൾ എന്നിവയും വനം വകുപ്പ് നടപ്പിലാക്കി വരുന്നു.

ഇന്ത്യ (റോയൽ ബംഗാൾ കടുവ),ബംഗ്ലാദേശ് (റോയൽ ബംഗാൾ കടുവ), മലേഷ്യ (മലയൻ കടുവ),നേപ്പാൾ (റോയൽ ബംഗാൾ കടുവ),വടക്കൻ കൊറിയ(സൈബീരിയൻ കടുവ),തെക്കൻ കൊറിയ (സൈബീരിയൻ കടുവ), മുൻപത്തെ നാസി ജർമ്മനി (കറുത്ത പരുന്തിനോടൊപ്പം) മുൻപത്തെ യു എസ് എസ് ആർ (സൈബീരിയൻ കടുവ) തുടങ്ങിയവയാണ് കടുവ ദേശീയമൃഗമായ രാജ്യങ്ങൾ.

കടുവകളുടെ എണ്ണം ഇരട്ടിപ്പിക്കാനായി 2010ൽ തുടക്കം കുറിച്ച ലോക കടുവ ദിനത്തിന് ലക്ഷ്യം പൂർണമായി സാക്ഷാത്കരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ബോധവത്കരണത്തിന്റെ കാര്യത്തിൽ ഈ ദിനം ഒരു വിജയം തന്നെയാണ്.



Photos:
Wikimedia Commons
Flickr





# ചക്കപ്പഴം

ഉണ്ണി അമ്മയമ്പലം.

നല്ല മണം. പ്ലാവിൽ ചക്ക പഴുത്ത് നിൽക്കുന്നു. മണം അറിഞ്ഞിട്ട് ദൂരെ നിന്നും കാക്കകൾ വന്നു. ചക്കപ്പഴം കൊത്തിത്തിന്നാൻ അവർക്ക് കൊതിയായി. പക്ഷേ...

ശബ്ദമുണ്ടാക്കാതെ കാക്കകൾ ആ പ്ലാവിന്റെ ശിഖരത്തിൽ അനങ്ങാതെയിരുന്നു. ചക്ക എല്ലാവരെയും മാറി മാറി നോക്കി. നന്നായി പഴുത്തു. ഇനി പ്ലാവിൽ നിൽക്കാൻ പറ്റില്ല. മണത്ത് മണത്ത് ദൂരെ നിന്ന് കാറ്റ് വരും. കാറ്റ് വരികയോ കാക്ക കൊത്തുകയോ ചെയ്താൽ ഞാൻ താഴെ പോകും. ചക്ക പ്ലാവിന്റെ തടിയിൽ ഇറുകെ പിടിച്ചു. പ്ലാവ് ചക്കയെയും ഇറുകെ പിടിച്ചു.

ചക്ക താഴെ വീഴാൻ ഒരുക്കമല്ല. പ്ലാവ് ചക്കയെ താഴെ ഇടാനും ഒരുക്കമല്ല. ചക്ക കൊത്തി തിന്നാൻ വന്ന

കാക്കകൾ കാ... കാ... എന്ന് ശബ്ദമുണ്ടാക്കാതെ ഇപ്പോഴും നിശ്ശബ്ദരായി പ്ലാവിന്റെ ശിഖരങ്ങളിലിരിക്കുന്നു.

കരിങ്കൊടികൾ, തീരെ ചെറുത്. അതും പിടിച്ചുകൊണ്ട് എന്താണാവോ പ്ലാവ് ഇങ്ങനെ നിൽക്കുന്നത്? എന്ന് ചിന്തിച്ച് ചക്കപ്പഴമണം കൊണ്ടു പോവാനായി കാറ്റ് ദൂരെനിന്ന് ഓടി വന്നു.

ചക്ക അതു കണ്ടു.
പ്ലാവ് അതുകണ്ടു.
കാക്കകൾ അതുകണ്ടു.
എല്ലാവരും അരുതേ... എന്ന് ആംഗ്യം കാണിച്ചു.

മൃദുസ്വരത്തിൽ ചക്ക പറഞ്ഞു.
''അരുത്, ഇപ്പോൾ ഇങ്ങോട്ട് വരരുത്.''
''ഞാൻ താഴെ വീഴും. താഴെ വീണാൽ..?''
പ്ലാവിന് അടുത്തെത്തി കാറ്റ് നിശ്ചലം നിന്നു.
''എന്താ കാര്യം? എന്തുപറ്റി?''

എല്ലാവരോടുമായി അടക്കിയ സ്വരത്തിൽ കാറ്റ് തിരക്കി. ചക്ക താഴേക്ക് നോക്കി. പ്ലാവിന്റെ ശിഖരം താഴേക്ക് നോക്കി. അസംഖ്യം കാക്കകൾ താഴേക്ക് നോക്കി. അതു കണ്ടിട്ട് കാറ്റും താഴേക്ക് നോക്കി.

താഴെ കരിയിലകൾക്കു മേലെ ഒന്നുമറിയാതെ കിടന്നുറങ്ങുന്ന നല്ല മിനുമിനുത്ത കറുപ്പും വെളുപ്പും നിറമുള്ള ഒരമ്മപ്പൂച്ച. പൂച്ചമ്മയോട് പറ്റിച്ചേർന്ന് മൂന്നുനാല് കൊച്ചുകുഞ്ഞിപ്പൂച്ചകൾ... ശാന്തമായ ഉറക്കം. ഒരിലയനക്കം പോലുമില്ല. ഹാവൂ; കാറ്റ് ആശ്വസിച്ചു.



വര: പി ജി ബാലകൃഷ്ണൻ

# പ്രയോഗം

സാബു കോട്ടുക്കൽ

കാരകം എന്നൊരു വ്യാകരണ ഘടകത്തെപ്പറ്റി മുൻപ് പറഞ്ഞത് ഓർക്കുന്നുണ്ടാവുമല്ലോ? വാക്യത്തിലെ നാമ പദത്തിന് ക്രിയാപദത്തോടുള്ള ബന്ധമാണ് കാരകം എന്ന് അവിടെ പറഞ്ഞിരുന്നു. കർത്തൃകാരകം, കർമ്മകാരകം, സാക്ഷികാരകം, സ്വാമികാരകം, ഹേതുകാരകം അല്ലെങ്കിൽ കരണകാരകം, അധികരണകാരകം എന്നീ കാരകനാമങ്ങളെയും പരിചയപ്പെടുത്തിയിരുന്നു. അതെല്ലാം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. മുകളിൽ പറഞ്ഞ കാരകങ്ങളിൽ ഏതെങ്കിലും ഒന്നിന് പ്രാധാന്യം വരുന്ന നിലയിൽ വാക്യം രചിക്കുന്ന രീതിക്കാണ് പ്രയോഗം എന്നു പറയുന്നത്. മുകളിൽ നൽകിയ എല്ലാ കാരകങ്ങൾക്കും പ്രാധാന്യം ലഭിക്കുന്ന രീതിയിൽ വാക്യങ്ങൾ രചിക്കാനാവും. എന്നാൽ സാധാരണയായി നാം കർത്തൃകാരകത്തിനും കർമ്മകാരകത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണ് വാക്യങ്ങൾ രചിച്ചുപോരുന്നത്. അതുകൊണ്ട് നമുക്ക് രണ്ടുതരം പ്രയോഗങ്ങളാണ് പ്രധാനം.

ഒന്ന് - കർത്തൃകാരകത്തിനു പ്രാധാന്യമുള്ള കർത്തരി പ്രയോഗം.
രണ്ട് - കർമ്മകാരകത്തിനു പ്രാധാന്യമുള്ള കർമ്മണിപ്രയോഗം.
'അമ്മ കുട്ടിയെ എടുത്തു'

എന്ന വാക്യം നോക്കുക. വാക്യത്തിലെ അമ്മ, കുട്ടി എന്നീ നാമപദങ്ങൾക്ക് എടുത്തു എന്ന ക്രിയയുമായി ബന്ധമുണ്ട്. ആ ബന്ധംതന്നെ കാരകബന്ധം. എടുത്തു എന്ന ഭൂതകാലക്രിയയാണ് വാക്യത്തിലുള്ളത്. ആ ക്രിയ ചെയ്ത ആളാണ് അമ്മ. അപ്പോൾ വാക്യത്തിലെ കർത്താവ് അമ്മയാണ് എന്നുവരുന്നു. ഇപ്രകാരം വാക്യത്തിലെ കർത്താവും ക്രിയയും തമ്മിലുള്ള ബന്ധത്തിനാണ് കർതൃകാരകം എന്നു പറയുന്നത്. ഇങ്ങനെ കർതൃകാരകത്തിന് പ്രാധാന്യം വരുംവിധം വാക്യം പ്രയോഗിക്കുന്നതിന് കർത്തരി പ്രയോഗം എന്നും പറയുന്നു. ഇനി മുൻ വാക്യത്തിലെ കർമ്മം ഏതെന്നു നോക്കാം. കുട്ടിയാണ് കർമ്മം. അതെങ്ങനെ മനസ്സിലായി? കർത്താവ് ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നത് ആരോ അല്ലെങ്കിൽ ഏതോ അതാണല്ലോ കർമ്മം. പ്രസ്തുത വാക്യത്തിൽ കർത്താവായ അമ്മയുടെ പ്രവൃത്തിയുടെ ഫലം അനുഭവിച്ചത് കുട്ടിയാണ്. താഴെനിന്ന കുട്ടിക്ക് സ്ഥാനചലനം സംഭവിച്ച് അമ്മയുടെ ഒക്കത്തായില്ലേ. അതുകൊണ്ട് കുട്ടി കർമ്മമാകുന്നു. എടുത്തു എന്ന ക്രിയയ്ക്കും കുട്ടി എന്ന നാമത്തിനും തമ്മിലുള്ള ബന്ധമാണ് കർമ്മകാരകം. കർമ്മകാരകത്തിനു പ്രാധാന്യം വരുംവിധം വാക്യത്തെ മാറ്റിയെഴുതിയാലോ? അപ്പോൾ വാക്യം 'കുട്ടി അമ്മയാൽ എടുക്കപ്പെട്ടു' എന്നാകും. ഈ വാക്യത്തിൽ കുട്ടിക്കാണ് പ്രാധാന്യം എന്നു കാണുക. കുട്ടി അമ്മയാൽ എടുക്കപ്പെട്ടു എന്ന വാക്യം കർമ്മണിപ്രയോഗമാണ്.

അമ്മ കുട്ടിയെ എടുത്തു
കർത്തരിപ്രയോഗം.
കുട്ടി അമ്മയാൽ എടുക്കപ്പെട്ടു.
കർമ്മണിപ്രയോഗം.

ഇവിടെ, കർത്തരി പ്രയോഗത്തിലെ വാക്യം കർമ്മണിപ്രയോഗത്തിലായപ്പോൾ എന്തു മാറ്റങ്ങളാണ് വന്നത്?

നിർദ്ദേശികാ വിഭക്തിയിൽ ഇരുന്ന കർത്തൃപദം പ്രയോജികാ വിഭക്തിയിലായി(അമ്മ അമ്മയാൽ എന്നായി)

പ്രതിഗ്രാഹികാ വിഭക്തിയിലിരുന്ന കർമ്മപദം നിർദ്ദേശികാ വിഭക്തിയിലായി(കുട്ടിയെ എന്നത് കുട്ടി എന്നായി)

ക്രിയാപദത്തിനും മാറ്റം വരുന്നു. ധാതുവിനോട് (എട്) അ എന്ന പ്രത്യയവും (എട് + അ = എടുക്ക) പെടുക എന്ന സഹായക്രിയയും (എടുക്ക + പെട്) ഒടുവിൽ തു എന്ന ഭൂതകാലപ്രത്യയവും ചേർന്ന് (എടുക്ക + പെട് + തു) ക്രിയ എടുക്കപ്പെട്ടു എന്നാകുന്നു. ഇതാണ് കർത്തരി കർമ്മണി പ്രയോഗങ്ങളുടെ രീതി. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുമല്ലോ!

# ബാർകോഡ്

**ജോൺ എം**



1948-ലാണ് ബാർകോഡിന്റെ ആദ്യകാലരൂപം ജന്മമെടുക്കുന്നത്. ഒരിക്കൽ ഒരു കടയുടമ തന്റെ കടയിൽ വരുന്ന ഉത്പന്നങ്ങളുടെ വിവരങ്ങൾ യാതൊരു പ്രയാസവും കൂടാതെ വായിച്ചെടുക്കുവാനുള്ള സമ്പ്രദായം നിർമിക്കുവാൻ വല്ല വഴിയുമുണ്ടോ എന്നു ചോദിച്ച് ഫിലാലെൽഫിയായിലെ ഡ്രെക്സൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തി.

ബെർനാൾഡ് സിൽവർ അന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെ ബിരുദ വിദ്യാർഥിയായിരുന്നു. അത്തരമൊരു സമ്പ്രദായം വികസിപ്പിക്കുവാനുള്ള ചുമതല സിൽവറിന്റെ ചുമലിലാണ് വന്നത്. അദ്ദേഹം തന്റെ സുഹൃത്തായ ജോൽഷ് വുസ് ലാൻഡിനെ ഈ വിവരം അറിയിച്ചു. അൾട്രാവയലറ്റ് കോശരശ്മികളുടെ സാന്നിധ്യത്തിൽ തിളങ്ങുന്ന പ്രത്യേകമായി ഉപയോഗിച്ചുള്ള ഒരു പ്രവർത്തന രീതിയാണ് വുഡ്ലാന്റിന്റെ മനസ്സിലേക്കു വന്നത്. വുഡ്ലാന്റും സിൽവറും ചേർന്ന് ഇതിന് അനുസൃതമായ ഒരു മാതൃകയുണ്ടാക്കി. എന്നാൽ മഷിയുടെ രൂപവ്യത്യാസങ്ങളും അവ ഉപയോഗിച്ച് പ്രത്യേക പാറ്റേണുകൾ ഉണ്ടാക്കാനുള്ള അധികച്ചിലവും കാരണം അവർ ഈ നീക്കം ഉപേക്ഷിച്ചു.

ഇരുവരും ചേർന്ന് ഗവേഷണം വീണ്ടും ആരംഭിച്ചു. 1949ൽ അവർ ഒരു പ്രത്യേക സംവിധാനം രൂപപ്പെടുത്തിയെടുത്തു. കറുത്ത പ്രതലത്തിലുള്ള നാലു വെള്ള വരകളായിരുന്നു ഇവർ വികസിപ്പിച്ച രീതിയുടെ പ്രധാന സവിശേഷത. വെള്ളവരകളുടെ സാന്നിധ്യത്തിന് അനുസരിച്ചായിരുന്നു അവർ വസ്തുക്കളെ വർഗീകരിച്ചത്. ഈ രീതി പ്രകാരം ഏഴുതരത്തിലുള്ള വർഗീകരണം സാധ്യമായിരുന്നു. എന്നാൽ വരകളുടെ എണ്ണം കൂടുകയാണെങ്കിൽ കൂടുതൽ വർഗീകരണം നടത്താമെന്നും. 10 വരകൾ ഉണ്ടെങ്കിൽ 1023 വരെ വർഗീകരണം സാധ്യമാണെന്നും വുഡ്ലാന്റും സിൽവറും സമർഥിച്ചു. 1952 ഒക്ടോബർ ഏഴിന് ഇരുവർക്കും സംയുക്തമായി ബാർകോഡിന്റെ പേറ്റന്റ് ലഭിച്ചു.


Photos: Wikimedia Commons

# ചിത്തിര മോളുടെ ചിത്രശലഭം

**ചന്തിരൂർ താഹ**

സ്കൂളിൽ നിന്ന് വന്ന ഉടനെ ചിത്തിരമോൾ സ്കൂൾ ബാഗും, ടിഫിൻ ബോക്സും സോഫയിലേക്കെറിഞ്ഞു. പിന്നെ പതിയെ അമ്മയെ നോക്കി. അമ്മ അടുക്കളയിൽ തിരക്കിട്ട ജോലിയിലാണെന്ന് മനസ്സിലാക്കിയപ്പോൾ അവൾ മുറിയിലേക്ക് ചെന്നു.

മുറിയിൽ ഇരുട്ട്. ചിത്തിര മോൾക്ക് പേടി തോന്നി. പിന്നെ കട്ടിലിന് മുകളിൽ കയറി നിന്ന് ജനൽ പാളികൾ മെല്ലെ തുറന്നു. വെളിച്ചം അകത്തേക്ക് കയറി. ജനലിനപ്പുറത്തെ തൊടിയിൽ ഒട്ടുമാവിൻ കൊമ്പിലേക്ക് പടർന്ന് പന്തലിച്ച മുല്ലവള്ളിക





ളിൽ നിറയെ പൂക്കൾ. കൈകൂപ്പി നിൽക്കുന്നത് പോലെയുള്ള മുല്ലമൊട്ടുകൾ വേറെയും.

പെട്ടെന്നാണ് അമ്മയുടെ മൊബൈൽ ഫോൺ ശബ്ദിച്ചത്. ഏതോ ഒരു കുഞ്ഞ് കുസൃതിയുടെ അണ്ണാറക്കണ്ണന്റെ പാട്ട് മുറി മുഴുവൻ ഒഴുകിയെത്തി. അവൾ ഫോണെടുത്ത് സംസാരിക്കുന്നത് അമ്മ കേട്ടു.

''മോളെ.. ചിത്തിരെ.. ഫോണിൽ അധികം കളിക്കണ്ട അതവിടെ വെക്കൂ.'' അമ്മ പറഞ്ഞു.

അവൾ ഫോണുമായി മുറ്റത്തേക്കോടി

''മോളെ... വീഴും... സൂക്ഷിച്ച്...'' അമ്മയും ചിത്തിര മോൾക്കൊപ്പം പിന്നാലെ ചെന്നു.

''വികൃതി കുറച്ച് കൂടുന്നുണ്ട് നല്ല അടി കിട്ടാത്തതിന്റെ കുഴപ്പമാ... അച്ഛനിങ്ങോട്ടുവരട്ടെ...''

അവൾ കൈകൾ പൊക്കി മുഖം ചൊറിഞ്ഞൊരു കോക്രി കാട്ടി.

അമ്മയ്ക്ക് ചിരി വന്നു.

''ഹായ്... നല്ലരസം...''

പെട്ടെന്നാണ് കാറ്റ് ചിരിച്ചുല്ലസിച്ചു കൊണ്ട് കൂട്ടുകാരനായത്. നല്ല മണമുള്ളകാറ്റ്... ചിത്തിര മോൾ മൂക്ക് വിടർത്തി. മൂക്കിനുള്ളിൽ കാറ്റ് പീലി വിടർത്തി.

''ഹായ്... നല്ല മണം.'' പിന്നെ അതിൽ ലയിച്ചവൾ കുറച്ച് നേരം കൂടി നിന്നു. വീടിന് മുന്നിലെ ചെറിയ തോട്ടം ചിരിതൂകി.

''ഹായ്..അമ്മേ... ദാ... ചിത്രശലഭങ്ങൾ...''

പലവർണത്തിലുള്ള ഒത്തിരി ചിത്രശലഭങ്ങൾ ചിത്തിര മോൾക്കൊപ്പം വരുന്നത് കണ്ടപ്പോൾ അവൾ മൊബൈൽ ഫോൺ ദൂരേക്കെറിഞ്ഞു. പറന്ന് കളിക്കുന്ന ചിത്രശലഭങ്ങൾക്കൊപ്പം ചിത്തിര മോളുംകൂടി. അമ്മയ്ക്ക് ചിരിയും... സന്തോഷവും. തൊടിയിൽ കിടന്നിരുന്ന ഫോണുമെടുത്ത് അമ്മ അകത്തേക്ക്. ചിത്തിര മോളും ചിത്രശലഭവും... അങ്ങനെ പാറിപ്പാറി...



# പിറന്നാൾ സമ്മാനം

**വത്സൻ അഞ്ചാംപീടിക**

കൊഴുത്തുരുണ്ട ഓമനത്തമുള്ള ശരീരം. സ്വർണ വർണമുള്ള ചെമ്പൻമുടി. ഇളംനീലക്കണ്ണുകൾ. റോസാപ്പൂവിന്റെ നിറമുള്ള കൈകാലുകൾ. കാലിൽ വെളുത്ത ഷൂസ്. ആരും കണ്ടാലെടുത്തൊന്നുമ്മ വെക്കാൻ തോന്നുന്ന കുഞ്ഞു പാവയെയാണ് നിമ്മിയുടെ അച്ഛൻ ഇത്തവണ ലീവിൽ വരുമ്പോൾ അവൾക്ക് സമ്മാനമായി കൊണ്ടുവന്നത്.



ഗോപുപാവമാണ്. അവന് ഇതുവരെ ഒരു ബർത്ത്ഡേ ഗിഫ്റ്റ് ആരും വാങ്ങിക്കൊടുത്തിട്ടില്ല. പിറന്നാൾ ദിനമൊന്നും ആഘോഷിക്കാറില്ല. തൊട്ടടുത്ത കാവിൽ പോയി അമ്മ ഒരു പുഷ്പാഞ്ജലി കഴിക്കും. ആ കുറി നെറ്റിയിൽ തൊടുവിക്കുമ്പോഴാണ് പിറന്നാളാണെന്ന് ഗോപു അറിയുന്നത് തന്നെ. ഗോപുവിന്റെ അച്ഛന് മണ്ണിൽ കിളയെടുക്കുന്ന ജോലിയാണ്. മഴക്കാലം കഴിഞ്ഞാൽ പച്ചക്കറി നടും. മഴക്കാലം കഴിഞ്ഞാൽ ജോലിയുണ്ടാകുകയുമില്ല. ഇതിൽ നിന്നെല്ലാം കിട്ടുന്ന കൂലി ഗോപുവിന്റേയും ചേട്ടന്റേയും അമ്മയുടേയും ഭക്ഷണത്തിനു മാത്രമേ തികയൂ. പിന്നെ അമ്മ വളർത്തുന്ന പശുവിന്റെ പാൽ വിറ്റുകിട്ടുന്ന വരുമാനം കൊണ്ടാണ് മറ്റു കാര്യങ്ങളൊക്കെ നടക്കുന്നത്. അതുകൊണ്ട് ഇന്ന് പിറന്നാളായിട്ടു കൂടി ഒരു സമ്മാനത്തെപ്പറ്റിയൊന്നും ഗോപു ആഗ്രഹിച്ചിട്ടില്ല. ആഗ്രഹിച്ചിട്ട് യാതൊ കാര്യവുമില്ലെന്ന്



അവനറിയാം. പണക്കാർക്കല്ലേ പിറന്നാളെല്ലാം. അവൻ തെങ്ങോല കൊണ്ട് പമ്പരവും ബോളും കടലാസു കൊണ്ട് വിമാനവും തോണിയുമൊക്കെ ഉണ്ടാക്കി കളിക്കും. അതവന് വലിയ സന്തോഷവും നൽകും.

അന്ന് തെങ്ങോല കൊണ്ടൊരു പുതിയ കളിപ്പാട്ടം ഉണ്ടാക്കി നിമ്മിക്ക് കൊടുക്കാനവൻ തീരുമാനിച്ചു. അമ്മ അതിരാവിലെ പശുവിനെ കറന്നാൽ രണ്ട് മൂന്ന് അയൽവീടുകളിലേക്ക് പാൽ കൊണ്ടുചെന്ന് കൊടുക്കൽ ഗോപുവിന്റെ ജോലിയാണ്. ആദ്യമവൻ നിമ്മിയുടെ വീട്ടിലേക്കാണ് പാലുമായി പോകുക. നിമ്മി അവന്റെ ബെസ്റ്റ് ഫ്രന്റാണ്. അന്നും പാലുമായി ചെന്നപ്പോൾ നിമ്മി ഒരു സ്വകാര്യം പറഞ്ഞു.

''എന്റെ പാവക്കുട്ടിയെ ഗോപൂന് വലിയ ഇഷ്ടമല്ലേ? ഇന്നും നാളേം സ്കൂളില്ലല്ലോ. പാവയെ ഗോപൂന് കളിക്കാൻ തരാം. പിന്നെ തിരിച്ചുതന്നാൽ മതി.''

''അയ്യോ വേണ്ട. നിമ്മീന്റെ മമ്മിയറിഞ്ഞാൽ വഴക്കു പറയില്ലേ. അതു വേണ്ട.''

''അതിന് മമ്മിയോടൊന്നും പറയേണ്ട. ഞാനിതാ പേപ്പറിൽ പൊതിഞ്ഞ് പാൽ പാത്രത്തിൽ വെച്ചിട്ടുണ്ട്. ആരും കാണാതെ വേഗം വിട്ടോ.''

അവൾ പാൽപാത്രം ഗോപുവിന് നൽകി അകത്തേക്ക് കയറിപ്പോയി. അതെടുത്തപ്പോൾ ഗോപുവിന്റെ കൈ പൊള്ളുന്ന പോലെ തോന്നി. ഒത്തിരി പേടിയോടെ അതുമായി ഗോപു വീട്ടിലേക്ക് നടന്നു.

വീട്ടിലെത്തിയ ഗോപു പൊതി പുസ്തകങ്ങൾക്കിടയിൽ രഹസ്യമായിസൂക്ഷിച്ചുവെച്ചു. ശനിയാഴ്ചയായതിനാൽ അച്ഛന് കൂലി കിട്ടുന്ന ദിവസമാണ്. ഗോപുവിനും ചേട്ടനുമുള്ള ഭക്ഷണമെല്ലാം തയ്യാറാക്കി വെച്ച് അച്ഛനും അമ്മയുംനേരത്തെ തന്നെ പറമ്പിലേക്ക് പോയി. ഹൈസ്കൂൾ ക്ലാസിലെത്തിയ ചേട്ടൻ പഠിക്കാനായി മുറിയിൽക്കയറി വാതിലടച്ചു. അവനെപ്പോഴും പഠിത്തമാണ്. പ്രായമാകുമ്പോൾ അച്ഛനെയും അമ്മയേയും നോക്കാനും ഗോപുവിന് ഉയർന്ന വിദ്യാഭ്യാസം കൊടുക്കാനും അവൻപഠിച്ച് വല്യ ഉദ്യോഗസ്ഥനാകണമത്രേ. അതിനുള്ള ശ്രമമാണ്. അതുകൊണ്ട് ഗോപുവിന്റെ കൂടെ കളിക്കാനൊന്നും ചേട്ടനെ കിട്ടാറില്ല.

ഗോപു പാവയേയുമെടുത്ത് മുറ്റത്തേക്കിറങ്ങി. കുറച്ചുനേരം വീടിനുമുന്നിലെ റോഡിലൂടെ പോകുന്ന വാഹനങ്ങളെ നോക്കി നിന്നു. പിന്നെ പാവയോട് വർത്തമാനം പറയാൻ തുടങ്ങി.

''നിന്നെക്കാണാനെന്തൊരു ഭംഗിയാ. നിന്റെ വീടെവിടെയാ?''

''ഞാൻ അമേരിക്കക്കാരിയാ. ബാർബീന്നാ പേര്.''

''നിനക്കവിടെ അച്ഛനും അമ്മയുമൊക്കെ ഉണ്ടോ?.''

''എന്റെ അമ്മ റൂത്ത്. അച്ഛൻ ഏലിയറ്റ്. ഞങ്ങൾ ലോകം മുഴുവൻ അറിയപ്പെടുന്ന സുന്ദരിപ്പാവകളാ.''

''ഉവ്വോ? നിന്റെ കണ്ണുകൾക്കെന്തൊരു ഭംഗിയാ. ജീവനുള്ളതുപോലെ തോന്നുന്നു. നിങ്ങളുടെ നാട്ടിൽ എല്ലാരുംഇങ്ങനെ സുന്ദരികളും സുന്ദരന്മാരുമാണോ?''

ഇതു കേട്ടതും ബാർബി ഒന്നു പൊട്ടിച്ചിരിച്ചു. ഗോപു പാവയെകയ്യിലെടുത്ത് കെട്ടിപ്പിടിച്ചു. അതിന്റെ ചുവന്ന കവിളിൽ ഒരു മുത്തം കൊടുത്തു. ഇതെല്ലാം കണ്ടുകൊണ്ട് നിമ്മിയുടെ അമ്മ വീടിനു മുന്നിലെറോഡിലൂടെ പോയി.


വര: സചീന്ദ്രൻ കാറഡ്ക്ക

വീട്ടിലെത്തിയ ഉടൻ അമ്മ നിമ്മിയെ വിളിച്ചു. അച്ഛൻ സമ്മാനമായി കൊണ്ടുവന്ന സുന്ദരിപ്പാവയെ എടുത്തുകൊണ്ടു വരാൻ പറഞ്ഞു. നിമ്മി എന്തു പറയണമെന്നറിയാതെ വിഷമിച്ചു. ഒടുവിൽ രക്ഷപ്പെടാനെന്നോണം പറഞ്ഞു.

''ബാർബിയെ ഇവിടെയൊന്നും കാണുന്നില്ല മമ്മീ. ഞാൻ തെരഞ്ഞ് കണ്ടുപിടിച്ച് പിന്നെ കൊണ്ടുവരാം.''

''എപ്പോഴാ കാണാതായത്?''

''രാവിലെ നോക്കിയപ്പോൾ കണ്ടില്ല. റൂമിലെവിടെങ്കിലും കാണും. ഞാൻ പിന്നെ കണ്ടു പിടിക്കാം.''

മമ്മി വടിയുമായി നിമ്മിയുടെ മുന്നിലെത്തി. ''സത്യം പറ. ബാർബി എങ്ങിനെ ഗോപുവിന്റെ വീട്ടിലെത്തി?'' നിമ്മി പേടിച്ചു പോയി. മമ്മി എല്ലാം കണ്ടു പിടിച്ചിരിക്കുന്നു.

''ഞാൻ അവന് കൊടുത്തതാ. ഇന്നവന്റെ ഹേപ്പി ബർത്ത്ഡേയാ. അവനാരും സമ്മാനമൊന്നും കൊടുക്കാറില്ല. എന്റെ വക ഒരു സമ്മാനമായികൊടുത്തതാ. അവനെന്റെ ബെസ്റ്റ് ഫ്രണ്ടാ മമ്മീ...'' അവൾ ചിണുങ്ങിക്കൊണ്ട് പറഞ്ഞു. അവർ നിമ്മിയെ വാരിയെടുത്ത് ഉമ്മവെച്ചു.

''ഗുഡ് ഗേൾ! ഗുഡ് വർക്ക്! നമുക്കൊരു കേക്ക് വാങ്ങിവൈകിട്ട് ഗോപൂന്റെ വീട്ടിൽ പോകാംട്ടോ'' നിമ്മി ബാർബിയേക്കാൾ സുന്ദരിയായി മമ്മിയെ ഉമ്മവെച്ചു.

# തളിര് സ്കോളർഷിപ്പ് 2024 - സംസ്ഥാനതല വിജയികൾക്കുള്ള സ്കോളർഷിപ്പ്

## ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ് കുട്ടികൾക്കു സമ്മാനിച്ചു



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച തളിര് സ്കോളർഷിപ്പ് 2024 സംസ്ഥാനതല പരീക്ഷയിൽ വിജയികളായ കുട്ടികൾക്കുള്ള സ്കോളർഷിപ്പും സർട്ടിഫിക്കറ്റും ഫലകവും സാംസ്കാരികവകുപ്പു ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ് സമ്മാനിച്ചു. തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജലജകുമാരി എസ്, സ്കോളർഷിപ്പ് വിജയികളായ കുട്ടികൾ, അവരുടെ രക്ഷിതാക്കൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ 10000, 5000, 3000 രൂപ വീതമാണ് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കുള്ള സ്കോളർഷിപ്പ്. തളിര് സ്കോളർഷിപ്പ് 2024ന്റെ ഭാഗമായി കേരളത്തിലെ കുട്ടികൾക്ക് 14 ലക്ഷം രൂപയുടെ ജില്ലാതല സ്കോളർഷിപ്പാണ് വിതരണം ചെയ്തത്. ഈ വർഷത്തെ തളിര് സ്കോളർഷിപ്പ് പദ്ധതിയുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. https://scholarship.ksicl.kerala.gov.in/ എന്ന സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അഞ്ചു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് രജിസ്ട്രേഷനുള്ള അർഹത.

# ർത്തകൾ



**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചിത്രമെഴുത്ത് എന്ന പുസ്തകം പ്രകാശനം ചെയ്തു.**

ഹേമ സാധ്വി രചിച്ച് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചിത്രമെഴുത്ത് എന്ന പുസ്തകം ഐ എം ജി ഡയറക്ടറും എഴുത്തുകാരനുമായ കെ ജയകുമാർ ഐ എ എസ് പ്രകാശിപ്പിച്ചു. കുട്ടികളുടെ പ്രധാന മന്ത്രിയും പ്രസിഡന്റും ആയിരുന്ന നന്മയ്ക്ക് പുസ്തകം കൈമാറിക്കൊണ്ടായിരുന്നു പ്രകാശനം. അക്ഷരങ്ങൾ പഠിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നതാണ് ഈ ബാലസാഹിത്യ ചിത്രപുസ്തകം. ഐ എം ജി ചേംബറിൽ നടന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, രചയിതാവ് ഹേമ സാധ്വി എന്നിവർ സന്നിഹിതരായിരുന്നു.





**രജിസ്റ്റർ ചെയ്യാൻ**

https://scholarship.ksicl.kerala.gov.in

കൂടുതൽ വിവരങ്ങൾക്ക് 8547971483 എന്ന നമ്പറിലോ scholarship@ksicl.org എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.


# സത്യസന്ധതയുടെ പാഠം പഠിച്ച പന്നി

ഒരു ഗ്രാമത്തിൽ ഒരു കാട്ടുപന്നി ജീവിച്ചിരുന്നു. അവന്റെ ഇഷ്ടവിനോദം ഗ്രാമത്തിലെ കൃഷിയിടങ്ങളിൽ കയറി വിളകൾ നശിപ്പിക്കുക എന്നതായിരുന്നു. പാവം കർഷകർ പലതവണ അവനെ പിടിക്കാൻ ശ്രമിച്ചെങ്കിലും, അവൻ സമർത്ഥമായി രക്ഷപ്പെട്ടുകളഞ്ഞു.

ഒരു ദിവസം, പന്നി തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചു. തന്റെ തെറ്റായ പ്രവർത്തി കാരണം എത്ര കഷ്ടപ്പാടുകളാണ് കർഷകർ അനുഭവിക്കുന്നതെന്ന് അവൻ മനസ്സിലാക്കി. കുറ്റബോധം അവനെ വല്ലാതെ അലട്ടി. ഗ്രാമത്തിലേക്ക് മടങ്ങിപ്പോയാൽ, തന്നെ പിടികൂടാൻ ആളുകൾ കാത്തിരിക്കുന്നുണ്ടാകുമെന്നും അവൻ ഭയപ്പെട്ടു.

അങ്ങനെ, അവൻ ഗ്രാമം വിട്ട് പള്ളിയാളി എന്ന മനോഹരമായ കാട്ടിലേക്ക് പോയി. അവിടെ നിറയെ പൂക്കളും, വർണാഭമായ കാഴ്ചകളും അവനെ ആകർഷിച്ചു. കുറേ നാൾ അവൻ അവിടെ സുഖമായി ജീവിച്ചു.

എന്നാൽ, ഒരു ദിവസം കാടിന്റെ ആഴത്തിൽ വെച്ച് അവൻ ഒരു സിംഹത്തെ കണ്ടു. സിംഹം അവനെ നോക്കി ഗർജ്ജിച്ചു: ‘‘നിന്റെ ദുഷ്പ്രവൃത്തികൾ എനിക്കറിയാം. കൃഷി നശിപ്പിച്ച് നീ എത്ര പേരെയാണ് ദുഃഖത്തിലാഴ്ത്തിയത്!’’ പന്നി പേടിച്ചു വിറച്ചു. സിംഹം തുടർന്നു


വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

‘‘നിന്റെ തെറ്റുകൾ ഞാൻ കണ്ടിട്ടുണ്ട്. നിന്റെ സ്വഭാവരീതികൾ മാറേണ്ടത് അത്യാവശ്യമാണ്.’’

പന്നി സത്യസന്ധമായി പറഞ്ഞു: ‘‘ഞാൻ ഇനി ഒരിക്കലും ഇങ്ങനെ ചെയ്യില്ല. ഞാൻ ഒരു പുതിയ ജീവിതം തുടങ്ങാൻ ആഗ്രഹിക്കുന്നു.’’

സിംഹത്തിന് അവന്റെ സത്യസന്ധത മനസ്സിലായി. സിംഹം പറഞ്ഞു: ‘‘ശരി, നിനക്ക് ഒരു അവസരം കൂടി തരാം. പക്ഷേ, ഇനി കൃഷി നശിപ്പിക്കാൻ പോകരുത്.’’ പന്നി വാഗ്ദാനം ചെയ്തു: ‘‘ഇല്ല, ഞാൻ ഇനി കൃഷി നശിപ്പിക്കില്ല. ഞാൻ ഒരു നല്ല ജീവിയായി ജീവിതം മുമ്പോട്ട് കൊണ്ടുപോകും.’’

അങ്ങനെ, പന്നി തന്റെ തെറ്റുകൾ തിരുത്തി, സത്യസന്ധതയും നല്ല മനസ്സുമായി ഒരു പുതിയ ജീവിതം ആരംഭിച്ചു.

ഗുണപാഠം: ഈ കഥ നമ്മെ പഠിപ്പിക്കുന്നത്, തെറ്റുകൾ സമ്മതിക്കുകയും, അതിൽ നിന്ന് പാഠം പഠിച്ച് നല്ല ജീവിതം നയിക്കുകയും ചെയ്യുക എന്നതാണ്. ആരെയും വേദനിപ്പിക്കാതെ, സത്യസന്ധതയോടെ ജീവിക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം.

**മുഹമ്മദ് മിഷാൽ എം സി**
ക്ലാസ് 8.
മാഡിൻ സ്കൂൾ ഓഫ് എക്സലൻസ്
തെക്കേക്കര




# വര

**കൃഷാൽ കൃഷ്ണ**
ക്ലാസ് 8
ദേവസ്വം ബോർഡ് ഹയർ
സെക്കന്ററി സ്കൂൾ
പത്തനംതിട്ട



# വര



**സാധിക ശരത്**
ക്ലാസ് 6
സെന്റ് ലിറ്റിൽ തെരേസാസ്
ജി എച്ച് എസ് എസ് വൈക്കം,
കോട്ടയം

# ആദരാഞ്ജലികൾ

**മുഹമ്മദ് ധനീൻ ജവാദ് എൻ.വി**
ക്ലാസ്സ് +1, മാഡിൻ സ്കൂൾ ഓഫ് എക്സലൻസ്, തെക്കേക്കര

നടുവിൽ, രാപ്പാടികളും രാത്രിയുടെ നിശബ്ദത നിയമം പാലിച്ചു. ഇരുപുറവും ശൂന്യമായ തെരുവിന്റെ ഇരുണ്ട പാതകളിലൂടെയവൾ എങ്ങോട്ടെന്നില്ലാതെ നടന്നു തുടങ്ങി. അവളുടെ ചിന്തകളെയവൾ പാറിപ്പറത്തി ഒരു ഇരുപത്തിയഞ്ച് കൊല്ലം പിന്നോട്ടവൾ സഞ്ചരിച്ചു. അവനായിരുന്നുവെല്ലാം, കരഞ്ഞു കരഞ്ഞു പാതിരാത്രികളിലെ ദുആകളിൽ റബ്ബിനോട് നൊന്ത് ചോദിച്ചു വാങ്ങിയതാണവനെ. ദാമ്പത്യത്തിന്റെ മുപ്പതാം വർഷം അവൻ തന്ന സന്തോഷത്തിനപ്പുറമൊന്നും ഈ ലോകത്തിന്നെനിക്കില്ല. അവന്റെ ജനനത്തിനു നാല് മാസം മുമ്പ് അവന്റുപ്പ മരിച്ചിട്ട് പോലും അധികം കരഞ്ഞിട്ടില്ല. പേറ്റുനോവിന്റെ ഓരോ വേദനയും അവനു വേണ്ടി സഹിച്ചു. പേറ്റുകാലത്ത് ഉറക്കൊഴിച്ച് തിരിഞ്ഞും മറിഞ്ഞും കിടന്ന് നോവുകളെ സന്തോഷങ്ങളിലാക്കിയ രാപ്പകലുകൾ.




വര: എൻ ജി സുരേഷ്കുമാർ പുള്ളങ്ങടി

എല്ലാം അവനുവേണ്ടിയായിരുന്നു. തന്റെ മുന്നിലിരിക്കുന്ന പോസ്റ്റുകാലിൽ തൂക്കിയിട്ട 'മിസ്സിംഗ്' എന്ന പോസ്റ്ററിനു മുന്നിൽ അവൾ നിശ്ചലമായി നിന്നു. എത്ര മായ്ച്ച് കളഞ്ഞിട്ടും കണ്ണുനീർ വീണ്ടും വീണ്ടും ഒലിച്ചിറങ്ങുകയാണ്. അവളുടെ നീറുന്ന ഹൃദയം കണ്ടിട്ടെന്നോണം പോസ്റ്റുകാലിലെ ലൈറ്റ് കണ്ണുകളടച്ചുനിന്നു. തന്റെ മകന്റെ ഫോട്ടോ ഒന്നുകൂടെ കാണാൻ കൊതിച്ചു കൊണ്ടവൾ അടുത്ത പോസ്റ്റ് ലക്ഷ്യമിട്ടു നടന്നു. അവളെ കണ്ടതും പോസ്റ്റ് ലൈറ്റുകളെല്ലാം കണ്ണുകളടച്ചു നിന്നു. മൗനമാം അന്തരീക്ഷത്തിൽ ആൾക്കൂട്ട കുശല ശബ്ദങ്ങൾ കേട്ടു. അവൾകാതുകൂർപ്പിച്ച്കാലുകളെ ചലിപ്പിച്ചു.

''അടുക്കാൻ വയ്യ, എന്തൊരു കോലമാണിത്.'' ''മനുഷ്യനായിരിക്കില്ല,'' തുടങ്ങിയവാക്കുകളാണവൾക്ക് വിദൂരത സൃഷ്ടിച്ച മതിലിനു പിറകിൽ നിന്നു കേൾക്കാനായത്. എങ്കിലുമവൾ മുന്നോട്ട് നടന്നു. ആളുകളധികവും മൂക്കുപൊത്തി നിൽക്കുന്നു. ഒരു തവണ കണ്ടവരെ പിന്നെ കാണാനേയില്ല. അവളും അത് നോക്കി. ഒരു നിമിഷം അവൾ നിലംപതിച്ചു. ''എന്റെ മകന്റെ ഷർട്ടാണിത്, വാച്ചാണിത്,'' അവൾ വിതുമ്പി. അവൾ നൽകിയ സ്നേഹങ്ങളും ലാളനകളും വാത്സല്യവും ഇന്നവൾക്ക് ചുറ്റും തീക്കനലായി വന്ന് ഹൃദയം പൊള്ളിക്കുന്നു. എല്ലാം അവനുവേണ്ടിയായിരുന്നു. പക്ഷെ, ഇന്നിതാ അവൾക്ക് മുന്നിൽ. തലപിളർന്ന വേഷരൂപി വികൃത രൂപത്തിൽ കിടക്കുന്നവൻ. ലഹരിയിലായിരുന്നുവത്രെ! അതാണവൾ അവസാനമായി കേട്ടത്. എങ്കിലും തന്റെ മരവിച്ച കൈകൾകൊണ്ടവൾ അവന്റെ നെറ്റിയിലൂടെ തലോടി. മുറിഞ്ഞു പോയ അവളുടെ ഹൃദയത്തിന്റെ ചീളുകൾ തട്ടിയെന്നോണം ചുറ്റുമുള്ളോരോ ഹൃദയവും മുറിയും. ആ വേദനയിൽ ആകാശവും പങ്കു ചേർന്നു. പോസ്റ്റുകാലിൽ തൂക്കിയ പോസ്റ്ററിന്റെ ഹെഡിങ് അവൾ വായിച്ചതിങ്ങനെയായിരുന്നു 'ആദരാഞ്ജലികൾ.'

# മനുഷ്യപ്പറ്റ്

**മുഹമ്മദ് ഷഹൽ ഇ**
ക്ലാസ്സ് 8
ജി ബി എച്ച് എസ് എസ്
മലപ്പുറം

ഉരുകി ഒഴുകുന്ന ഈ കാലം
അലിയിക്കുന്ന മനസ്സുമായി
ജീവിതത്തിൽ കടന്ന്
വരുന്നവനാണ് മനുഷ്യൻ

നിറമതജാതി എന്നില്ലാതെ
ജീവനെ വിട്ടുകൊടുത്ത്
മനുഷ്യനെ തിരിച്ചറിയുന്നവരും
ജീവിച്ചിരിപ്പുണ്ട്

പ്രായം കൂട്ടാതെ സ്വഭാവം മാറ്റി
മനുഷ്യൻ വരും തലമുറയെ
വരവേൽക്കുകയാണ്
സമയത്തെ മറന്ന് കാരുണ്യത്തെ
തേടിയാണ് മനുഷ്യന്റെ ഈ കാലം



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# വരും തലമുറ



വര: എൻ ജി സുരേഷ്കുമാർ പൂച്ചാടി

മാനത്ത് പാറി പറക്കുന്ന
കിളികൾക്ക് പകരം
ശബ്ദമുയർത്തി ഓടുന്ന വാഹനങ്ങൾ
കുയിലിനെയും കാക്കയെയും വെട്ടിച്ച്
പറക്കുന്ന റോക്കറ്റുകൾ
ചന്ദ്രനെ വിനോദസഞ്ചാരമാക്കിയ റോബോട്ടുകൾ
ലക്ഷക്കണക്കിന് ശാസ്ത്രജ്ഞരുടെ
കണ്ടുപിടിത്തങ്ങളിൽ ലയിക്കാതെ
ചെറിയ വാഹനങ്ങൾക്ക് പകരം
വെള്ളത്തിലൂടെയും ആകാശത്തിലൂടെയും
പറക്കുന്ന വാഹനങ്ങൾ
കുടിലുകളെക്കാൾ ഫ്ളാറ്റുകൾ
പറക്കുന്ന ടാക്സി വണ്ടികൾ
മരങ്ങളെയും പ്രകൃതിയെയും നശിപ്പിച്ച്
കൊട്ടാര ഭവനങ്ങൾ
പാടവും വയലും ഇല്ലാതായ കാലം
ആഡംബര വാഹനങ്ങളിൽ
പോകുന്ന മനുഷ്യർ
ഇലക്ട്രോണിക് ഉപകരണങ്ങളുടെ വർദ്ധനവ്
മനുഷ്യന്റെ ജീവിതം മാറി മറന്ന കാലം
ഒരു മഹാലോകം
കുട്ടികൾ ഇലക്ട്രോണിക്സിന്റെ
അടിമയായ കാലം
പാടത്തും വയലിലും കളിക്കുന്ന
കുട്ടികൾ ഇല്ലാതെയാവും
ഫോണിന്റെയും ടാബിന്റെയും
മുന്നിലിരിക്കുന്ന കുട്ടികൾ
കളിച്ച് തിരിച്ച് നടക്കാത്ത കാലം
മനുഷ്യനെ വേറെ ലോകത്തിൽ എത്തിച്ച
ഒരു മഹാകാലം...
ഒരു മഹാലോകം...

**അമൻ മുഹിയുദ്ദീൻ**
ക്ലാസ് 7
ബി വി യുപി സ്കൂൾ
ചുണ്ടമ്പറ്റ



THALIRU
July 2025, Volume 32, Issue No. 07, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan




## അവർക്ക് പറയാനുള്ളതും കേൾക്കണമല്ലോ..?

### പുതിയ അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ പോലീസിന്റെ പരാതിപ്പെട്ടി സ്ഥാപിക്കും.

സ്കൂളുകളിൽ പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്പി ജി)സ്ഥാപിക്കുന്ന പെട്ടിയിലെ പരാതികളിൽ നടപടി സ്വീകരിക്കുക പൊലീസാവും. ഓരോ സ്കൂളിലും അതാത് സ്ഥലത്തെ പോലീസ് സ്റ്റേഷനിലെ പൊലീസ് ഉദ്യോഗസ്ഥനു ചുമതല നൽകും. പരാതി പ്പെട്ടികളിൽ നിന്നും ലഭിച്ച പരാതികളിൽ ഓരോ മാസവും സ്കൂൾ തലവന്റെ സാന്നിധ്യത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസറോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയത് തുറന്നു പരിശോധിച്ച് അതിന്മേലുള്ള പരാതികളിൽ ഉചിതമായ നടപടി സ്വീകരിക്കും. പരാതിപ്പെട്ടികൾ കൃത്യമായി എല്ലാ സ്കൂളുകളിലും സ്ഥാപിക്കുകയും സ്കൂൾ തുറക്കുന്ന സമയത്ത് ആഴ്ചയിൽ ഒരിക്കൽ വീതവും പിന്നീട് മൂന്നു മാസങ്ങൾക്ക് ശേഷം മാസത്തിൽ ഒരു തവണ വീതം കൃത്യമായി പരാതികൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കും. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. സ്കൂളിൽ പരിഹരിക്കേണ്ട പരാതികൾ അവിടെ പരിഹരിക്കും. ഗൗരവമായതിൽ ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കും. മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടവ അവർക്കു കൈമാറും

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970 July 2025
Regd KL/TV (N)/399/2024-2026 Published on 01-07-2025 Vol:32, Issue: 07, ₹25

# കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

# തളിര് സ്കോളർഷിപ്പ് 2025

**യു. പി, ഹൈസ്കൂൾവിഭാഗങ്ങളിലായി ഓരോ ജില്ലയിലും ചുരുങ്ങിയത് 100 പേർക്ക് സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.**

**ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് 10000, 5000, 3000 രൂപ എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും. 100 കുട്ടികൾ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് 1000 രൂപയുടെ പുസ്തകങ്ങൾ സൗജന്യം.**

തളിരിന്റെ വാർഷിക വരിസംഖ്യയായ **250 രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം. **2026 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.



**രജിസ്റ്റർ ചെയ്യാൻ**

https://scholarship.ksicl.kerala.gov.in

കൂടുതൽ വിവരങ്ങൾക്ക് 8547971483 എന്ന നമ്പറിലോ scholarship@ksicl.org എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്

SCAN ME!